# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XI
## (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (FOOD, CIVIL SUPPLIES AND CO-OPERATION)

**പീരിയോഡിക്കൽ റിപ്പോർട്ട്**
**(2018 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31st MARCH, 2018)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**(Under Rule 239 (1) of the Rules of procedure and Conduct of Business in the Kerala Legislative Assembly)**

2018 ജൂൺ 19-ാം തീയതി സമർപ്പിച്ചത്
(Presented on 19th June 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (FOOD, CIVIL SUPPLIES AND CO-OPERATION)

പീരിയോഡിക്കൽ റിപ്പോർട്ട്

(2018 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2018)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്.

[Under Rule 239 (1) of the Rules of procedure and Conduct of Business in the Kerala Legislative Assembly]

1236/2018.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |
| അനുബന്ധം | .. 31 |

# സബ്ജക്ട് കമ്മിറ്റി XI

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (2016-2018)

### ഘടന

ചെയർമാൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. പി. തിലോത്തമൻ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. മുരളി പെരുനെല്ലി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, സ്പെഷ്യൽ സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 1-4-2017 മുതൽ 31-3-2018 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 7-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 26 (ഭാഗം 2) പ്രകാരം ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2016-2018), 2016 ജൂലൈ 5-ാം തീയതി നിലവിൽ വന്നു. സമിതി, 2017 ഏപ്രിൽ മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2017-18 കാലയളവിൽ സമിതി ആകെ 11 യോഗങ്ങൾ ചേർന്നു. ഇതിൽ 10-4-2017-ലെ യോഗം 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് അംഗീകരിക്കുന്നതിനും 23-5-2017-ലെ യോഗം 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സഹകരണം, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നതിനും 8-8-2017-ലെ യോഗം 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനും 21-8-2017-ലെ യോഗം 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ്, 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ്, 1-4-2016 മുതൽ 31-3-2017 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്, സി.എഫ്.ആർ.ഡി.യുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുന്നതിനും 29-11-2017-ലെ യോഗം മുൻമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുടെ നിര്യാണത്തെ തുടർന്ന് അനുശോചനം രേഖപ്പെടുത്തുന്നതിനും 28-12-2017-ലെ യോഗം സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച സമിതി നൽകിയ ചോദ്യാവലിയിന്മേലുള്ള തെളിവെടുപ്പ്, 2016-17, 2017-18 എന്നീ സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത്, രണ്ടാമത് റിപ്പോർട്ടുകളിലെ ശിപാർശകളിലെ നടപടി സ്റ്റേറ്റ്മെന്റ് എന്നിവയും 16-2-2018-ലെ യോഗത്തിൽ 2018-19 സാമ്പത്തികവർഷത്തെ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിന്റെ ധനാഭ്യർത്ഥനകളുടെ

സൂക്ഷ്മപരിശോധനയും 20-2-2018-ലെ യോഗത്തിൽ 2018-19 സാമ്പത്തികവർഷത്തെ സഹകരണ വകുപ്പിന്റെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയും 21-2-2018-ലെ യോഗം 2018-19 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് അംഗീകരിക്കുന്നതിനുവേണ്ടിയും 5-3-2018-ാം തീയതിയിലെ യോഗത്തിൽ 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണിക്കുന്നതിനും 23-3-2018-ൽ ലീഗൽ മെട്രോളജി സ്പെഷ്യൽ റൂൾസിന്റെ കരട് എന്നിവ പരിഗണിക്കുന്നതിനുമാണ് ചേർന്നത്. യോഗങ്ങളിലെ ശരാശരി ഹാജർ നില 46% ആയിരുന്നു.

മൂന്ന് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം അദ്ധ്യായത്തിന്റെ ആദ്യ ഭാഗത്ത് 2017-18, 2018-19 സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിവരങ്ങളും സമിതിയുടെ 2016-17 പീരിയോഡിക്കൽ റിപ്പോർട്ട്, 2016-17-ലെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിവരങ്ങളും, രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും ഭാഗം മൂന്നിൽ ബില്ലുകളെ സംബന്ധിച്ച വിവരങ്ങളും ഭാഗം നാലിൽ കരട് റൂളിനെ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2018 ജൂൺ 11-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിച്ചു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2018 ജൂൺ 11.

# റിപ്പോർട്ട്

## അദ്ധ്യായം I

### ഭാഗം 1

(എ) ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് 10-4-2017-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയും രണ്ടാമത് റിപ്പോർട്ട് 25-4-2017-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2016 ഏപ്രിൽ മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിലെ സബ്ജക്ട് കമ്മിറ്റി XI-ന്റെ പ്രവർത്തനം സംബന്ധിച്ച പീരിയോഡിക്കൽ റിപ്പോർട്ട് 21-8-2017-ൽ ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 23-8-2017-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2018-19 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥന XXVII (സഹകരണം), XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ), XXX (ഭക്ഷ്യം) എന്നിവയുടെ സൂക്ഷ്മപരിശോധന 16-2-2018, 20-2-2018 എന്നീ തീയതികളിൽ നടത്തുകയും ,2018-19 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് 21-2-2018-ലെ യോഗത്തിൽ ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയും 26-2-2018-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ . ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 23-5-2017-ൽ ചേർന്ന സമിതി ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയും 25-5-2017-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

### ഭാഗം 2

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ 23-5-2017, 21-8-2017, 28-12-2017 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1236/2018.

## സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016-17 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

## സഹകരണ വകുപ്പ്

### ശിപാർശ

സഹകരണ വകുപ്പ് പുതിയതായി പണികഴിപ്പിച്ചിട്ടുള്ള സഹകരണ ആസ്ഥാന മന്ദിരത്തിൽ കംപ്യൂട്ടർവത്ക്കരണം, സോഫ്റ്റ്‌വെയറുകളുടെ വികസനം തുടങ്ങിയവയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

സഹകരണ വകുപ്പ് പുതിയതായി പണി കഴിപ്പിച്ചിട്ടുള്ള സഹകരണ ആസ്ഥാന മന്ദിരത്തിൽ കമ്പ്യൂട്ടർവൽക്കരണം, സോഫ്റ്റ് വെയറുകളുടെ വികസനം തുടങ്ങിയവയ്ക്ക് 2016-17-ലെ ബഡ്ജറ്റ് വിഹിതമായ ഒരു കോടി രൂപയ്ക്ക് പുറമേ സമിതി 75 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ, 30-3-2017-ലെ സ.ഉ. (സാധാ.) 2961/17/ധന. നമ്പർ ഉത്തരവ് പ്രകാരം 1.508 കോടി രൂപ 2425-001-91 ശീർഷകത്തിൽ ധനപുനർവിനിയോഗംവഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

[സഹകരണ (എ) വകുപ്പിന്റെ 22-5-2017-ലെ സഹ.എ 2/418/2016/സഹ. നമ്പർ കത്ത്]

### ശിപാർശ

സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ്, നൂതന കണക്കെടുപ്പ് സമ്പ്രദായം, പദ്ധതി തയ്യാറാക്കൽ, വിലയിരുത്തൽ എന്നിവ ഉൾപ്പെടെ ഭരണ സംവിധാനത്തെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് നിരന്തര പരിശീലനം നൽകുന്നതിനായി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനും, ദേശീയ സഹകരണ യൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടി അനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ചെലവിനത്തിന്റെ 50% വഹിക്കുന്നതിനും കൂടുതൽ തുക ആവശ്യമുള്ളതിനാൽ 31 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത 31 ലക്ഷത്തിൽ 10 ലക്ഷം രൂപ 2016-17 വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി 21.00 ലക്ഷം രൂപ 2016-17 സാമ്പത്തികവർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിലും അന്തിമ ഉപധനാഭ്യർത്ഥനയിലും ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള ശിപാർശ പരിഗണിച്ചു എങ്കിലും അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഐ.സി.എം. കണ്ണൂരിന് അർഹതപ്പെട്ട 21 ലക്ഷം രൂപ 2017-18 വർഷത്തെ വിഹിതത്തിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

[സഹകരണ (ബി) വകുപ്പിന്റെ 22-5-2017-ലെ ബി3/147/2017/സഹ. നമ്പർ കത്ത്]

ശിപാർശ

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്ന ധനസഹായം കഴിഞ്ഞ വർഷങ്ങളിലായി വളരെയധികം വർദ്ധിച്ചിട്ടുള്ളതിനാൽ ഈ പദ്ധതിയുടെ കോർപ്പസ് ഫണ്ടിലേക്ക് സർക്കാർ വിഹിതമായി ധനസഹായം അനുവദിക്കുന്നതിന് 6 കോടി രൂപയും 2015-16 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ അനുവദിക്കാൻ ബാക്കി നിൽപ്പുള്ള 226.27 ലക്ഷം രൂപയും ഉൾപ്പെടെ 826.27 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനു പുറമേ കാർഷിക ആവശ്യങ്ങൾക്ക് കൈപ്പറ്റിയ വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 4% പലിശ സബ്സിഡി അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി 70 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

സഹകരണ റിസ്ക് ഫണ്ട് പദ്ധതിയ്ക്കായി 2016-17 സാമ്പത്തികവർഷം 731,60,367 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ബാക്കി തുകയായ 94,66,633 രൂപ ലഭ്യമാക്കുന്നതിനുള്ള ധനപുനഃവിനിയോഗ നിർദ്ദേശം അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല. കാർഷിക ആവശ്യങ്ങൾക്ക് സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കൈപ്പറ്റിയ വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 4% പലിശ സബ്സിഡി അനുവദിക്കുന്നതിന് 70 കോടി രൂപ 2016-17 സാമ്പത്തികവർഷത്തിൽ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള ധനസഹായ പദ്ധതിയിൽ (2425-107-80 ശീർഷകത്തിൽ) ഉൾപ്പെടുത്തി അനുവദിക്കുന്നതിന് സബ്ജക്ട് കമ്മിറ്റി മുൻപാകെ ശിപാർശ ചെയ്യുകയുണ്ടായി. ടി ശിപാർശ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കുകയും ഇതു സംബന്ധിച്ച് 13-ാം പഞ്ചവത്സര പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പ് ചർച്ചകൾക്ക് വിധേയമാക്കുകയുമുണ്ടായി. 2017-18-ലെ ബഡ്ജറ്റിൽ ടി തുക ഉൾപ്പെടുത്തി അനുവദിക്കുന്നതിന്

ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത സാഹചര്യത്തിൽ 2017-18 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി പൈലറ്റ് അടിസ്ഥാനത്തിൽ ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വട്ടവട, മൂന്നാർ, മറയൂർ, ദേവികുളത്തെ മറ്റ് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വിപണന സഹായത്തിനുള്ള പലിശ സബ്സിഡിക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 4% സബ്സിഡി അനുവദിക്കുന്നതിന് ആവശ്യമായ തുക കണക്കാക്കി വിശദമായ ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

[സഹകരണ (ബി) വകുപ്പിന്റെ 22-5-2017-ലെ ബി3/147/2017/സഹ. നമ്പർ കത്ത്]

<u>ശിപാർശ</u>

2011-12 സാമ്പത്തികവർഷം മുതൽ കൃത്യമായി കാർഷികവായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32.00 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും നിലവിലെ ബഡ്ജറ്റിൽ 7 കോടി രൂപ മാത്രമാണ് അനുവദിച്ചു നൽകിയത്. തുടർ പദ്ധതി ആയതിനാൽ ഈ തുക പര്യാപ്തമല്ല. ആയതിനാൽ ഈയിനത്തിൽ ആകെ 26.00 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് നബാർഡുവഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കുന്നതിനുള്ള സർക്കാർ പദ്ധതി പ്രകാരം 26-5-2012-ലെ സ.ഉ. (സാധാ.) നമ്പർ 315/2012/സഹ. ഉത്തരവനുസരിച്ച് സംസ്ഥാന സർക്കാർ 32 കോടി രൂപ വഹിക്കുന്നതിനും അതിൽ 30-3-2012-ലെ സ.ഉ. (സാധാ.) നമ്പർ 237/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപ കഴിച്ച് 31 കോടി രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഉത്തേജന പലിശയിനത്തിൽ 2011-12 വർഷം മുതൽ 2016-17 വർഷം വരെ ആകെ 7 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടുതൽ തുക അനുവദിക്കുന്ന വിഷയം ഈ വർഷം പരിഗണിക്കുന്നതാണ്.

[സഹകരണ (എ) വകുപ്പിന്റെ 22-5-2017-ലെ സഹ./എ 2/418/2016/സഹ. നമ്പർ കത്ത്]

ശിപാർശ

കൺസ്യൂമർ ഫെഡ് ഉത്സവച്ചന്തകളിൽ നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടെ വിൽപ്പന നടത്തിയ ഇനത്തിൽ 150 കോടി രൂപ സർക്കാരിൽനിന്നും ലഭിക്കുവാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 97 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

കൺസ്യൂമർഫെഡിന് ഉത്സവ ചന്തകൾ നടത്തിയ വകയിൽ ലഭിക്കുവാനുള്ള തുകയിൽ 2016-17 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 53 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഓണം, ക്രിസ്തുമസ് വിപണികൾ കൺസ്യൂമർ ഫെഡ് നടത്തിയിരുന്നില്ല. റംസാൻ വിപണിക്കായി 18-6-2016-ലെ സ.ഉ. (സാധാ.) നമ്പർ 351/16/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5 കോടി രൂപ അനുവദിച്ചതിൽ 3 കോടി രൂപ 2016-17 വർഷത്തെ ബഡ്ജറ്റിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 150 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സഹകരണ വകുപ്പിന്റെ 22-5-2017-ലെ ബി3/147/2017/സഹ. നമ്പർ കത്ത്)

ശിപാർശ

ആശുപത്രി സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുതലായവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എൻ.സി.ഡി.സി. ധനസഹായം ലഭിച്ചതും, വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ച് വരുന്നതുമായ പ്രോജക്ടുകൾക്ക് രണ്ടാം ഗഡു ധനസഹായം അനുവദിക്കുന്നതിനും 2016-17 സാമ്പത്തിക വർഷത്തിൽ പുതുതായി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവില്ല. ആയതിനാൽ ഈ പദ്ധതിയിനത്തിൽ ആകെ 24.50 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

ഈ പദ്ധതി പ്രകാരം ഓഹരിയിനത്തിൽ 4425-108-42 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 863,99,000 രൂപയും 27-4-2016-ലെ 3861/16/ധന. നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻവഴി ലഭിച്ച 9,50,000 രൂപയും ഉൾപ്പെടെ ആകെ 873,49,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വായ്പാ ശീർഷകത്തിൽ വകയിരുത്തിയിരുന്ന 936,00,000 രൂപയും ഈ ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ഓഹരിയിനത്തിൽ 858,22,000 രൂപയും വായ്പായിനത്തിൽ 1,21,39,000 രൂപയും കൊല്ലം ജില്ലാ സഹകരണ ആശുപത്രിക്ക് 2016-17 വർഷത്തെ ഒന്നാമത്തെയും അവസാനത്തെയും ഉപധനാഭ്യർത്ഥനവഴി അനുവദിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിരുന്നുവെങ്കിലും സാമ്പത്തിക പരിമിതി കാരണം ആയത് നൽകിയിട്ടില്ല.

[സഹകരണ (പി.എസ്.) വകുപ്പിന്റെ 22-5-2017-ലെ 167/പി.എസ്.2/2016/സഹ. നമ്പർ കത്ത്]

ശിപാർശ

കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽനിന്നും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും പ്രസ്തുത നിക്ഷേപ തുകയുടെ 25% ഗ്രാന്റായി കേപ്പിന് സർക്കാർ നൽകുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. ഈയിനത്തിൽ കേപ്പിന് 29.639 കോടി രൂപ ബാക്കി നൽകാനുണ്ട്. പ്രസ്തുത തുക നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിന് പുറമെ 26.1304 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തികവർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ കേപ്പിന് ലഭിക്കുവാനുള്ള 26.1304 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 22-5-2017-ലെ ബി3/147/2017/സഹ. നമ്പർ കത്ത്]

ശിപാർശ

പത്തനാപുരത്തും വടകരയിലുമുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിനും വടക്കാഞ്ചേരി ആറന്മുള എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന വികസന ബ്ലോക്ക് നിർമ്മിക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 5.50 കോടി രൂപകൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2425-108-47-35 ശീർഷകത്തിൽ 5.50 കോടി രൂപ 2016-17 സാമ്പത്തികവർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 22-5-2017-ലെ ബി3/147/2017/സഹ. നമ്പർ കത്ത്]

ശിപാർശ

സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ജൈവ പച്ചക്കറി കൃഷി പദ്ധതിയുടെ ഭാഗമായി 'സുവർണ്ണം ഷോപ്പുകൾ' ആരംഭിക്കുന്നതിന് 1 കോടി രൂപ ഓഹരി 1 കോടി രൂപ സബ്സിഡി 1:1 എന്ന അനുപാതത്തിൽ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമെ 2425-00-108-37 എന്ന ശീർഷകത്തിൽ 1 കോടി രൂപയും 4425-00-108-32 എന്ന ശീർഷകത്തിൽ 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

സുവർണ്ണം ഷോപ്പുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 2016-17 സാമ്പത്തിക വർഷം അധിക തുകയ്ക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും ലഭിച്ചിട്ടില്ല.

[സഹകരണ (സി) വകുപ്പിന്റെ 23-5-2017-ലെ കോ-ഓപ്പ്-സി3/78/17/കോ.ഓപ്പ്. നമ്പർ കത്ത്]

ശിപാർശ

കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായുള്ള ഈ പദ്ധതി പ്രകാരം വിപണന സഹകരണ സംഘങ്ങൾക്ക് മാത്രമാണ് നിലവിൽ ധനസഹായം അനുവദിച്ചു വരുന്നത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി 2425-00-108-36 എന്ന ശീർഷകത്തിൽ 231 ലക്ഷവും 4425-00-108-30 എന്ന ശീർഷകത്തിൽ 330 ലക്ഷവും 6425-00-108-09 എന്ന ശീർഷകത്തിൽ 99 ലക്ഷവുമടക്കം 660.00 ലക്ഷം രൂപ നിലവിലുള്ള വിഹിതത്തിനുപുറമേ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 660.00 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള ശിപാർശ പരിഗണനയ്ക്കായി സമർപ്പിച്ചെങ്കിലും ആയത് ലഭിച്ചിട്ടില്ല.

[സഹകരണ (സി) വകുപ്പിന്റെ 23-5-2017-ലെ കോ-ഓപ്പ്.സി3/78/17/കോ.ഓപ്പ്. നമ്പർ കത്ത്]

ശിപാർശ

സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് 4 കോടി രൂപയുടെ സഹായം അനുവദിക്കുന്നതിന് 2014-15-ൽ സർക്കാർ അനുമതി ലഭിച്ചുവെങ്കിലും തുക എസ്.ഡി.ജി. മുഖേന വകയിരുത്താത്തതിനാൽ തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ സാമ്പത്തിക വർഷം 4 കോടി രൂപ 4225-00-107-99(02) എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ 4425-00-107-98(02) എന്ന ശീർഷകത്തിൽ 1,000 രൂപയും 4425-00-107-97(02) എന്ന ശീർഷകത്തിൽ 1,000 രൂപയും ടോക്കൺ പ്രൊവിഷനായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് 2014-15 വർഷം 4 കോടി രൂപ അനുവദിക്കുന്നതിന് ജി.ഒ. (ആർറ്റി.) നമ്പർ 545/2015/സഹ. തീയതി (7-9-2015) ഭരണാനുമതി നൽകിയിരുന്നു. എസ്.ഡി.ജി. മുഖേന വകയിരുത്താത്തതിനാൽ ടി 4 കോടി രൂപ റീ-അപ്രോപ്രിയേഷൻ മുഖേന കണ്ടെത്തുന്നതിനും ടി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. റീ-അപ്രോപ്രിയേഷൻ മുഖേന 4 കോടി അനുവദിക്കുന്നതിനുള്ള സേവിംഗ്സ് 2015-16 സാമ്പത്തികവർഷത്തിൽ ഇല്ലാതിരുന്നതിനാൽ എസ്.ഡി.ജി. മുഖേന ടി തുക വകയിരുത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കുകയുണ്ടായി. എന്നാൽ തുക ലഭിക്കാത്തതിനാൽ ബാങ്കിന് ധനസഹായം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല. 2016-17, 2017-18 സാമ്പത്തികവർഷങ്ങളിൽ എൻ.ആർ.സി.എൽ.റ്റി.ഒ. ഫണ്ട് പദ്ധതിയിൽ സഹകരണ വകുപ്പിന് തുക വകയിരുത്തിയിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 22-5-2017-ലെ ബി3/147/2017/സഹ. നമ്പർ കത്ത്]

ശിപാർശ

സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധനപര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ അനുവദിച്ച ധനസഹായ തുക നൽകുന്നതിന് തത്തുല്യമായ നിക്ഷേപം സഹകരണ ബാങ്കുകൾ സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കണമെന്നുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകൾ 199.50 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിരുന്നു. ഇതിൽ 106.399 കോടി രൂപ മാത്രമാണ് സർക്കാർ പിൻവലിച്ച് നൽകിയിട്ടുള്ളതെന്നും ജില്ലാ സഹകരണ ബാങ്കിന്റെ വിഹിതമായി 23.101 കോടി രൂപയും സംസ്ഥാന സഹകരണ ബാങ്കിന്റെ വിഹിതമായി 70 കോടി രൂപയും അനുവദിക്കാൻ ബാക്കിയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ ജില്ലാ സഹകരണ ബാങ്കിന് നൽകുന്നതിന് ബാക്കിയുള്ള 23.101 കോടി രൂപയും 6 ജില്ലാ സഹകരണ ബാങ്കുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 30 കോടി രൂപയും ഉൾപ്പെടെ ആകെ 53.101 കോടി രൂപ 4425-00-107-85 എന്ന ശീർഷകത്തിലും, സംസ്ഥാന സഹകരണ ബാങ്കിന് നൽകുന്നതിന് ബാക്കിയുള്ള 70 കോടി രൂപ 4425-00-107-86 എന്ന ശീർഷകത്തിലും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2016-17 സാമ്പത്തികവർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിലും അന്തിമ ഉപധനാഭ്യർത്ഥനയിലും 4425-107-85 ശീർഷകത്തിൽ 23.1010 കോടി രൂപയും 4425-107-86 ശീർഷകത്തിൽ 70.00 കോടി രൂപയും വകയിരുത്തുന്നതിനുള്ള ശിപാർശ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അംഗീകാരം നൽകാൻ കഴിഞ്ഞിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 22-5-2017-ലെ ബി3/147/2017/സഹ. നമ്പർ കത്ത്]

ശിപാർശ

തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഐ.സി.ഡി.പി.യുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 15.6573 കോടി രൂപ 4525-00-108-71 എന്ന ശീർഷകത്തിലും 14.4283 കോടി രൂപ 6425-00-108-74 എന്ന ശീർഷകത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തികവർഷം പാലക്കാട് ഐ.സി.ഡി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 4.04 കോടി രൂപയും വായ്പാ ഇനത്തിൽ 4.3224 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഐ.സി.ഡി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 15.6573 കോടി രൂപ 4425-108-71 ശീർഷകത്തിലും 14.4283 കോടി രൂപ 6425-108-74 ശീർഷകത്തിലും 2016-17 സാമ്പത്തികവർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിലും അന്തിമ ഉപധനാഭ്യർത്ഥനയിലും ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല.

[സഹകരണ (ബി) വകുപ്പിന്റെ 22-5-2017-ലെ ബി3/147/2017/സഹ. നമ്പർ കത്ത്]

സഹകരണ ആശുപത്രിക്ക് നബാർഡ് 2014-15 വർഷം അനുവദിച്ച തുകയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതമായ 9.62 കോടി രൂപ അപര്യാപ്തമായതിനാൽ 154.19 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിരുന്നുവെങ്കിലും സാമ്പത്തിക പരിമിതി കാരണം ആയത് നൽകിയിട്ടില്ല.

[സഹകരണ (പി.എസ്.) വകുപ്പിന്റെ 22-5-2017-ലെ 467/പി.എസ്.2/16/സഹ. നമ്പർ കത്ത്]

ശിപാർശ

മാർക്കറ്റ്ഫെഡിന് 35 കോടി രൂപ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിരുന്നില്ല. ആയതിനാൽ 'കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ' എന്നതിനായി പ്രത്യേക ശീർഷകം അനുവദിച്ച് 35,00,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

2016-17-ൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. ഈ വർഷം ആയത് പരിഗണിക്കുന്നതാണ്.

[സഹകരണ വകുപ്പിന്റെ 22-5-2017-ലെ സഹ/എ 2/418/2016/സഹ. നമ്പർ കത്ത്]

ശിപാർശ

2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ സംയോജിപ്പിച്ച് ഒറ്റ ബാങ്കായി പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപം നൽകുന്നതിനുള്ള കമ്മിറ്റിയ്ക്ക് ധനസഹായം നൽകുന്നതിലേക്കായി 10.00 ലക്ഷം രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും തുക വകയിരുത്തിയിട്ടില്ല. ആയതിലേക്കായി 10.00 ലക്ഷം രൂപ "ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ സംയോജിപ്പിച്ച് ഒറ്റ ബാങ്കായി പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപം നൽകുന്നതിനുള്ള കമ്മിറ്റിക്ക് ധനസഹായം" എന്ന ഇനത്തിൽ പ്രത്യേകം ശീർഷകം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളും സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനായി ബംഗളൂരു ഐ.ഐ.എം. പ്രൊഫസർ ശ്രീ. എം. എസ്. ശ്രീറാം ചെയർമാനായി 5 അംഗവിദഗ്ധ സമിതി 28-9-2016-ലെ സ.ഉ.(സാധാ.) 488/2016/സഹ. നമ്പർ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തികവർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ 2425-004-97-(നോൺ പ്ലാൻ) ശീർഷകം അനുവദിച്ച് 10.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയത് പിൻവലിച്ച് വിനിയോഗിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം ടി ഇനത്തിൽ ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

[സഹകരണ (ബി) വകുപ്പിന്റെ 22-5-2017-ലെ ബി3/147/2017/സഹ. നമ്പർ കത്ത്]

## ലീഗൽ മെട്രോളജി വകുപ്പ്

ശിപാർശ

നിലവിലെ ബഡ്ജറ്റ് വിഹിതം 2015-16 വർഷത്തിനേക്കാൾ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ശമ്പള പരിഷ്കരണ കുടിശ്ശിക ഉൾപ്പെടെ നൽകേണ്ടതിനാൽ ഈ വർഷം അനുവദിച്ചിട്ടുള്ള രൂപയ്ക്കു പുറമേ 20 ലക്ഷം രൂപകൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

അധികമായി ചെലവഴിച്ച 34.4 ലക്ഷം രൂപ റീ-അപ്രോപ്രിയേറ്റ് ചെയ്ത് ഉത്തരവാകുന്നത് സംബന്ധിച്ച കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 22-5-2017-ലെ 3/സി.എ.4/17/ഉ.ക.വ. നമ്പർ കത്ത്)

ശിപാർശ

ഇന്റർനെറ്റ്, ഫാക്സ്, ടെലഫോൺ എന്നിവയ്ക്ക് പുറമേ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും CUG SIM നൽകിയിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 8 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 8.16 ലക്ഷം രൂപ റീ-അപ്രോപ്രിയേറ്റ് ചെയ്ത് ലഭിച്ചു. എന്നാൽ പ്രതീക്ഷിച്ചതിനേക്കാൾ ടെലഫോൺ ബിൽ തുകകളിൽ കുറവ് വന്നതിനാൽ 1.20 ലക്ഷം രൂപ 31-3-2017-ൽ സറണ്ടർ ചെയ്തു.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 22-5-2017-ലെ 3/സി.എ.4/17/ഉ.ക.വ. നമ്പർ കത്ത്)

<u>ശിപാർശ</u>

11 ഓഫീസുകളിൽ പുതുതായി സജ്ജീകരിച്ച ഫ്രണ്ട് ഓഫീസുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകേണ്ടതുണ്ട്. ഇതിനായി കൂടുതൽ തുക ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 15 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഓതറൈസേഷന് ധനകാര്യ വകുപ്പിനെ സമീപിച്ചിരുന്നുവെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല. അക്കാരണത്താൽ ടി ഇനത്തിലെ ചെലവുകൾ കർശനമായി നിയന്ത്രിച്ച് കുറയ്ക്കുകയുണ്ടായി. കൂടാതെ പല ചെലവുകളും അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റി വച്ചു.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 22-5-2017-ലെ 3/സി.എ.4/17/ഉ.ക.വ. നമ്പർ കത്ത്)

<u>ശിപാർശ</u>

കഴിഞ്ഞവർഷം വാടക നിശ്ചയിച്ച് ലഭിച്ച ഓഫീസ് കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനും റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന ആഫീസുകളുടെ വാടക ഇനത്തിൽ ഹൗസിംഗ് ബോർഡിന് കൊടുത്തു തീർക്കാനുള്ള 5 ലക്ഷത്തോളം രൂപ നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ റീ-അപ്രോപ്രിയേഷൻ മുഖാന്തരം ധനകാര്യ വകുപ്പിൽനിന്നും 11.97 ലക്ഷം രൂപ ലഭിച്ചു.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 22-5-2017-ലെ 3/സി.എ.4/17/ഉ.ക.വ. നമ്പർ കത്ത്)

ശിപാർശ

ലീഗൽ മെട്രോളജി വകുപ്പിലേക്ക് 24 വാഹനങ്ങൾകൂടി വാങ്ങുന്നതിനാൽ ഇന്ധന ഇനത്തിൽ വരുന്ന അധിക ചെലവ് വഹിക്കുന്നതിനായി 5 ലക്ഷം രൂപകൂടി ബഡ്ജറ്റ് വിഹിതത്തിനു പുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഓതറൈസേഷന് ധനകാര്യ വകുപ്പിനെ സമീപിച്ചിരുന്നുവെങ്കിലും ആയത് അനുവദിച്ചു ലഭിച്ചില്ല.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 22-5-2017-ലെ 3/സി.എ.4/17/ഉ.ക.വ. നമ്പർ കത്ത്)

ശിപാർശ

കഴിഞ്ഞ സാമ്പത്തികവർഷം e-lams-ൽ പോസ്റ്റ് ചെയ്ത തുക ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തികവർഷത്തെ പർച്ചേസ് ഓഫ് എക്യുപ്മെന്റ് എന്ന കമ്പോണന്റ് പൂർത്തിയാക്കാൻ 10.46 ലക്ഷം രൂപ അധികം ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനു പുറമെ 10.46 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

2016-17-ലെ ബഡ്ജറ്റ് വിഹിതമായ 518 ലക്ഷം രൂപ പൂർണ്ണമായി ചെലവഴിക്കാത്തതിനാൽ, 10.46 ലക്ഷം രൂപ ആവശ്യമായി വന്നില്ല.

(ഉപഭോക്തൃകാര്യ വകുപ്പിന്റെ 22-5-2017-ലെ 3/സി.എ.4/17/ഉ.ക.വ. നമ്പർ കത്ത്)

ശിപാർശ

കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുക, ഈ ഭക്ഷ്യ ഇനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിന്റെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഫുഡ് ബിസിനസ്സ് മാനേജ്മെന്റ് സ്കൂൾ, ഔഷധ പരിശോധനാ ലബോറട്ടറി, എറണാകുളത്ത് ശീതീകരണ സംഭരണിയും പച്ചക്കറി-പഴവർഗ്ഗങ്ങളുടെ നിർജ്ജലീകരണ യൂണിറ്റും, ഭക്ഷ്യ പാർക്ക് എന്നിവ സ്ഥാപിക്കുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ ഭക്ഷ്യ സംസ്കരണ മൂല്യവർദ്ധന പ്രവർത്തനങ്ങൾക്ക് വേണ്ടി നിലവിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 9.35 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തികവർഷത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 600 ലക്ഷം രൂപ ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തി. ടി തുക അപര്യാപ്തമായതിനാൽ 935 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് ഭക്ഷ്യ ഗവേഷണ വികസന കൗൺസിൽ ആവശ്യപ്പെടുകയും സമിതി ഇത് അംഗീകരിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത തുക അനുവദിക്കുകയുണ്ടായില്ല.

[ഭക്ഷ്യപൊതുവിതരണ (സി) വകുപ്പിന്റെ 22-8-2017-ലെ 944384/സി2/2016 നമ്പർ കത്ത്]

ശിപാർശ

അന്ത്യോദയ-അന്നയോജന പദ്ധതി പ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനുള്ള കടത്തുകൂലി, കൈകാര്യച്ചെലവ് മുതലായവ വഹിക്കുന്നതിനാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്. റേഷൻ മൊത്ത വ്യാപാരികളുടെ കമ്മീഷൻ 23-1-2016-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് പരമാവധി 60 രൂപയും റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 1-1-2015-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് പരമാവധി 100 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ആകെ 36.7048 കോടി രൂപ കമ്മീഷൻ ഇനത്തിൽ മാത്രം

നൽകേണ്ടതുണ്ട്. ഇതിനുപുറമെ 16.1868 കോടി രൂപ മുൻവർഷത്തെ കുടിശ്ശികയിനത്തിൽ നൽകേണ്ടതുണ്ട്. ഈ ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 13.20 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 39.6916 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

## സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം 13.20 കോടി രൂപയാണ്. ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 39.6916 കോടി രൂപ അധികമായി അനുവദിക്കണമെന്ന ശിപാർശ 2016-17 സാമ്പത്തികവർഷത്തെ ഒന്നാംവട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സർക്കാരിലേക്ക് [ഭക്ഷ്യ പൊതുവിതരണ (എ) വകുപ്പിന്] ഈ കാര്യാലയത്തിലെ (സി.എസ്.) എച്ച്1-22073/16-ാം നമ്പർ ഫയൽ മുഖാന്തിരം 27109/16-ന് സമർപ്പിച്ചിരുന്നു എങ്കിലും പ്രസ്തുത ശീർഷകത്തിൽ 20,00,00,000 രൂപയാണ് ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തിരം അധികമായി അനുവദിച്ചത്. ബാക്കി തുകയായ 19.6916 കോടി രൂപ അനുവദിക്കണമെന്ന ശിപാർശ 2016-17 സാമ്പത്തികവർഷത്തെ അവസാനവട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സർക്കാരിലേക്ക് [ഭക്ഷ്യ പൊതുവിതരണ (എ) വകുപ്പിന്] ഈ കാര്യാലയത്തിലെ (സി.എസ്.) എച്ച്1-22073/16-ാം നമ്പർ ഫയൽ മുഖാന്തിരം 17-1-2017-ന് സമർപ്പിക്കുകയും മാർച്ച് 2017-ലെ അവസാനവട്ട ഉപധനാഭ്യർത്ഥന മുഖാന്തിരം 19.11 കോടി രൂപയും ഉൾപ്പെടെ ആകെ 52.31 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിച്ചുകിട്ടി. 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ആകെ 52,18,00,000 രൂപ ചെലവാകുകയും ബാക്കി തുകയായ 13,00,000 രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

[ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 24-5-2017-ലെ 1417036/ബി3/2017/ഭ.സി.സ.വ. നമ്പർ കത്ത്]

## ശിപാർശ

"സ്റ്റേറ്റ് കൺസ്യൂമർ ഹെൽപ്പ് ലൈൻ" പദ്ധതിയുടെ രണ്ടാം ഘട്ട ധനസഹായമായി കേന്ദ്രസർക്കാർ അനുവദിച്ച 18,60,854 രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി സംസ്ഥാന സർക്കാരിൽനിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കുന്നതിന്

"ന്യൂ സർവ്വീസ്" നടപടിക്രമം പാലിക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തെ ആദ്യ ബഡ്ജറ്റിൻമേലുള്ള ഭേദഗതി പത്രിക പ്രകാരം 1,000 രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ബാക്കി തുകയായ 18,59,854 രൂപ ലഭ്യമായെങ്കിൽ മാത്രമേ 'കൺസ്യൂമർ ഹെൽപ്പ് ലൈൻ' പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ആയതിനാൽ ഈ ഇനത്തിൽ 18.60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സ്വീകരിച്ച നടപടി</u>

2408-01-800-85—കൺസ്യൂമർ ഹെൽപ്പ് ലൈൻ (100% കേന്ദ്ര വിഹിതം) (പ്ലാൻ) എന്ന ശീർഷകത്തിലെ 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം 1,000 രൂപയാണ്. പ്രസ്തുത ശീർഷകത്തിൽ 18.60 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

(ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ 20-5-2017-ലെ സി.എ.2/261/2016/ഉ.ക.വ. നമ്പർ കത്ത്)

<u>ശിപാർശ</u>

പൊതുവിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണത്തിനായി 2014-15 സാമ്പത്തികവർഷം കേന്ദ്ര സർക്കാർ അനുവദിച്ച 730.40 ലക്ഷം രൂപയും ആയതിന് തുല്യമായ സംസ്ഥാന വിഹിതംകൂടി ചേർത്ത് 1460.80 ലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലായി ഇതിനായി 966.36 ലക്ഷം രൂപ ചെലവഴിക്കുകയും ബാക്കി തുകയായ 494.44 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും ചെയ്തിരുന്നു. ഈ സാമ്പത്തികവർഷം ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ നടപ്പുസാമ്പത്തികവർഷത്തെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം സറണ്ടർ ചെയ്ത 494.44 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ലായിരുന്നു. ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 494.44 ലക്ഷം രൂപ അനുവദിക്കണമെന്ന ശിപാർശ 2016-17 സാമ്പത്തികവർഷത്തെ ഒന്നാംവട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സർക്കാരിലേക്ക് [ഭക്ഷ്യ പൊതുവിതരണ (എ) വകുപ്പിന്] ഈ കാര്യാലയത്തിലെ (സി.എസ്.)എച്ച്1/22073/16-ാം നമ്പർ ഫയൽ മുഖാന്തിരം 27-9-2016-ന് സമർപ്പിച്ചിരുന്നു എങ്കിലും പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന മുഖാന്തിരം തുകയൊന്നും അനുവദിച്ചു കിട്ടിയില്ല.

ഈ കാര്യാലയത്തിലെ 30-9-2016, 21-10-2016, 13-3-2017 എന്നീ തീയതികളിലെ (സി.എസ്.)എച്ച്1/18997/16 നമ്പർ കത്തുകൾ പ്രകാരം യഥാക്രമം 50,24,000, 76,02,000, 7,30,40,000 രൂപക്ക് "3456-00-001-86-34" ശീർഷകത്തിൽ നിന്നും "3456-00-001-82" ശീർഷകത്തിലേക്ക് റീ-അപ്രോപ്രിയേഷൻ മുഖാന്തിരം തുക അനുവദിക്കണമെന്ന് അപേക്ഷകൾ സമർപ്പിച്ചിരുന്നു.

25-10-2016-ലെ ജി.ഒ. (ആർറ്റി.) നമ്പർ 8424/2016/ഫിൻ. നമ്പർ ഉത്തരവുപ്രകാരം 50,24,000 രൂപയും, 18-3-2017-ലെ ജി.ഒ. (ആർറ്റി.) നമ്പർ 2175/2017/ഫിൻ. നമ്പർ ഉത്തരവുപ്രകാരം 7,30,40,000 രൂപയും റീ-അപ്രോപ്രിയേഷൻ മുഖാന്തിരം ഈ ശീർഷകത്തിൽ അനുവദിച്ചു കിട്ടി.

2016-17 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ ആകെ 7,80,64,000 രൂപ റീ-അപ്രോപ്രിയേഷൻവഴി ലഭിക്കുകയും 7,80,63,000 രൂപ ചെലവാകുകയും ചെയ്തു. ബാക്കി തുകയായ 1,000 രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

[ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 24-5-2017-ലെ 1417036/ബി3/2017/ഭ.സി.സ.വ. നമ്പർ കത്ത്]

<u>ശിപാർശ</u>

വില നിരീക്ഷണ സെല്ലുകളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് ഹാർഡ് വെയർ/സോഫ്റ്റ് വെയർ എന്നീ ചെലവുകൾക്കായി 2015-16 സാമ്പത്തികവർഷം കേന്ദ്ര സർക്കാർ അനുവദിച്ച 10.80 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 84,000 രൂപ

മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. ബാക്കി തുകയായ 9.96 ലക്ഷം രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയുണ്ടായി. ഈ സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ നടപ്പുസാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തികവർഷം സറണ്ടർ ചെയ്ത 9.96 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

വില നിരീക്ഷണ സെല്ലുകളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് കേന്ദ്രം 2015-16 സാമ്പത്തികവർഷം അനുവദിച്ച 10.80 ലക്ഷം രൂപയിൽ നിന്നും പ്രസ്തുത സാമ്പത്തികവർഷം ചെലവഴിച്ച 84,000 രൂപ കിഴിച്ച് സർക്കാരിലേക്ക് സറണ്ടർ ചെയ്ത 9.96 ലക്ഷം രൂപ നടപ്പുസാമ്പത്തികവർഷത്തെ പ്രവർത്തനങ്ങൾക്കായി ഉപധനാഭ്യർത്ഥനകളിൽ വകയിരുത്തുവാൻ കഴിഞ്ഞില്ല. എന്നാൽ പ്രസ്തുത തുക ധനകാര്യ വകുപ്പിന്റെ 2-2-2017-ലെ സ.ഉ. (സാധാ.) നമ്പർ 835/2017/ധന. പ്രകാരം 3456-001-81 എന്ന ശീർഷകത്തിലേക്ക് അഡീഷണൽ ഓതറൈസേഷൻ വഴി വകയിരുത്തി ഉത്തരവായിട്ടുണ്ട്.

[ഭക്ഷ്യപൊതുവിതരണ (ഡി) വകുപ്പിന്റെ 28-3-2017-ലെ 948155/ഡി3/2016/ഭ.പൊ.വി.വ. നമ്പർ കത്ത്]

ശിപാർശ

2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലെ അദ്ധ്യായം VII പ്രകാരം പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതി പരിഹരിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യ കമ്മിഷനും 10 ജില്ലാ പരാതി പരിഹാര ഓഫീസുകളും സ്ഥാപിച്ചുത്തരവായിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ പ്രവർത്തന ചെലവുകൾക്കുള്ള തുക വകകൊള്ളിക്കുന്നതിനായി 'ന്യൂ സർവ്വീസ്' നടപടിക്രമത്തിലൂടെ ലഭ്യമായ ഈ ശീർഷകത്തിൽ 6.7862 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം 1,000 രൂപയാണ്. സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ചുമതല സംസ്ഥാന ഉപഭോക്തൃ തർക്ക

പരിഹാര കമ്മീഷനും, ജില്ലാ പരാതി പരിഹാര ഓഫീസുകളുടെ ചുമതല ADM-നും നൽകിയിട്ടുള്ളതിനാൽ സംസ്ഥാന ഭക്ഷ്യ കമ്മീഷനും ജില്ലാ പരാതി പരിഹാര ഓഫീസുകളും ഇതുവരെയും പ്രത്യേകമായി പ്രവർത്തനം തുടങ്ങിയിട്ടില്ല. അയതിനാൽ പ്രസ്തുത ശീർഷകത്തിൽ 2016-17 സാമ്പത്തികവർഷം തുക ആവശ്യമായി വന്നില്ല.

[ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പിന്റെ 24-5-2017-ലെ 1417036/ബി3/2017/ഭ.സി.സ.വ. നമ്പർ കത്ത്]

## ശിപാർശ

രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്തൃ സംരക്ഷണ സമിതി/സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം നൽകുക എന്ന ലക്ഷ്യത്തോടെ "1992-ലെ ഉപഭോക്തൃക്ഷേമ നിയമം" അനുസരിച്ച് കേന്ദ്ര ഗവൺമെന്റ് കേന്ദ്ര തലത്തിൽ രൂപീകരിച്ച ക്ഷേമനിധിയുടെ മാതൃകയിൽ സംസ്ഥാന തലത്തിലും ക്ഷേമനിധി രൂപീകരിക്കുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. 2010-11 സാമ്പത്തികവർഷം സംസ്ഥാന സർക്കാർ കൺസ്യൂമർ വെൽഫയർ ഫണ്ട് നിധിയിലേക്ക് അനുവദിച്ച 2.5 കോടി രൂപയും 2011-12 സാമ്പത്തികവർഷം കേന്ദ്ര സർക്കാർ നൽകിയ ധനസഹായമായ 7.5 കോടി രൂപയും ഉൾപ്പെടെ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ച 10 കോടി രൂപ സ്ഥിര നിക്ഷേപത്തിൽ നിന്നും പ്രതിവർഷം 85 ലക്ഷം രൂപ പലിശയിനത്തിൽ ലഭിക്കും. പ്രസ്തുത തുക ഈ ശീർഷകത്തിൽ വകയിരുത്തി ലഭിച്ചാൽ മാത്രമേ നടപ്പുസാമ്പത്തികവർഷത്തെ ഉപഭോക്തൃക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിയുകയുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 70 ലക്ഷം രൂപകൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

## സ്വീകരിച്ച നടപടി

3456-00-104-99-കേരള ഉപഭോക്തൃക്ഷേമനിധി (നോൺപ്ലാൻ) എന്ന ശീർഷകത്തിലെ 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം 15 ലക്ഷം രൂപയാണ്. പ്രസ്തുത ശീർഷകത്തിൽ 70 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന ബഹു. നിയമസഭാസമിതിയുടെ ശിപാർശ 2016-17 സാമ്പത്തികവർഷത്തെ ഒന്നാംവട്ട ഉപധനാഭ്യർത്ഥനയിലും, അവസാനവട്ട ധനാഭ്യർത്ഥനയിലും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ച് കിട്ടിയില്ല.

എന്നാൽ 2016-17 സാമ്പത്തിക വർഷാവസാനം 50,00,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖാന്തരം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. സാമ്പത്തികവർഷം അവസാനിക്കാറായതിനാൽ വളരെ കുറച്ചുതുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

(ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ 20-5-2017-ലെ സി.എ 2/261/2016/ഉ.ക.വ നമ്പർ കത്ത്)

<u>ശിപാർശ</u>

'ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013' സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കുന്നതിനായി 61.60 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചു. ഇത് പ്രകാരം 33 കോടി രൂപ 2014-15, 2015-16 സാമ്പത്തികവർഷങ്ങളിലായി ലഭിച്ചിരുന്നു. ബാക്കി തുകയായ 28.60 കോടി രൂപ സർക്കാരിൽ നിന്നും ലഭ്യമാകാനുണ്ട്. നടപ്പുസാമ്പത്തികവർഷത്തെ പ്രവർത്തനങ്ങൾക്കായി 25.3391 കോടി രൂപ ആവശ്യമുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയ്ക്ക് പുറമേ 24.8391 കോടി രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിലെ 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം 50 ലക്ഷം രൂപയാണ്. ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 26.2853 കോടി രൂപ അനുവദിക്കണമെന്ന ശിപാർശ 2016-17 . സാമ്പത്തികവർഷത്തെ ഒന്നാംവട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സർക്കാരിലേക്ക് [ഭക്ഷ്യ പൊതുവിതരണ (എ) വകുപ്പിന്] ഈ കാര്യാലയത്തിലെ (സി.എസ്.)എച്ച്1/22073/16-ാം നമ്പർ ഫയൽ മുഖാന്തിരം 27-9-2016-ന് സമർപ്പിച്ചിരുന്നു എങ്കിലും പ്രസ്തുത ശീർഷകത്തിൽ ഉപധനാഭ്യർത്ഥന മുഖാന്തിരം തുകയൊന്നും അനുവദിച്ചു കിട്ടിയില്ല.

അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം 2016-17 സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിൽ 11.95 കോടി രൂപ അനുവദിച്ചു കിട്ടുകയുണ്ടായി. ആകെ വിഹിതമായ 12,45,42,000 രൂപയിൽ 12,43,69,000 രൂപ ചെലവാകുകയും ബാക്കി തുകയായ 1,73,000 രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഭാഗം 3

(എ) 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ ഭേദഗതികളോടെ 8-8-2017-ൽ അംഗീകരിക്കുകയും 11-8-2017-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ 5-3-2018-ലെ യോഗം പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു റിപ്പോർട്ട് 21-3-2018-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

ഭാഗം 4

ലീഗൽ മെട്രോളജി സ്പെഷ്യൽ റൂൾസിന്റെ കരട് (സ്റ്റേറ്റ് റൂൾസ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്) സമിതിയുടെ 23-3-2018-ലെ യോഗം പരിഗണിക്കുകയും വിശദമായ ചർച്ചയ്ക്ക് വേണ്ടി മറ്റൊരു ദിവസം മാറ്റി വെയ്ക്കാൻ തീരുമാനിച്ചു.

അദ്ധ്യായം II

(എ) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം പഠനം നടത്തിയ പത്തനംതിട്ട ജില്ലയിലെ കോന്നിയിലുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് & ഡെവലപ്മെന്റിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള റിപ്പോർട്ട് 2014 ജൂൺ 19-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്നും 20-2-2016-ലെ 4752/സി2/15/ഭ.സി.സ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി 24-2-2016-ലെ യോഗം പരിഗണിക്കുകയും 1, 3, 15, 17, 19 എന്നീ ഖണ്ഡികകളിലെ മറുപടികളിന്മേൽ സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ചും 2, 5, 7, 9, 11, 13, 14, 16, 18 എന്നീ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളുടെ നിലവിലെ സ്ഥിതിയെ സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടു. ആയതിൻ പ്രകാരം 17-2-2017-ലെ 584828/സി2/16/ഭ.സി.സ.വ. കത്ത് പ്രകാരം ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു:

ശിപാർശ

സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരത്തിൽ ക്രമക്കേട് കാണിക്കുന്ന കമ്പനികളുടെ ഉൽപ്പന്നങ്ങൾ തുടർന്ന് സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന പായ്ക്ക് ചെയ്തുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ കർശന പരിശോധനയ്ക്ക് വിധേയമാക്കണമെന്നും 6 മാസത്തിലൊരിക്കൽ റാന്റം ചെക്കിംഗ് നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

സപ്ലൈകോയും സി.എഫ്.ആർ.ഡി.യും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന പാസ്റ്റ് ചെയ്തതുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ എല്ലാ ബാച്ച് ഉൽപ്പന്നങ്ങളും പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സപ്ലൈകോയിൽ നിന്ന് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഇത്തരം റാന്റം ചെക്കിംഗ് സി.എഫ്.ആർ.ഡി. നടത്തിവരുന്നു.

<u>നിലവിലെ സ്ഥിതി</u>

സപ്ലൈകോയുടെ ഉത്തരവ് ലഭ്യമാക്കുന്നതിനനുസരിച്ച് സി.എഫ്.ആർ.ഡി. ഇപ്പോഴും റാന്റം ചെക്കിംഗ് നടത്തിവരുന്നു.

<u>ശിപാർശ</u>

സംസ്ഥാന തലസ്ഥാനത്ത് നിന്നും 110 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്കായുള്ള സാമ്പിളുകൾ എത്തിക്കുന്നതിൽ പ്രയോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വിദൂരസ്ഥലങ്ങളിൽനിന്നും ശേഖരിക്കുന്ന പാൽ, മത്സ്യം, തുടങ്ങിയവ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കുമ്പോൾത്തന്നെ കേടാകുന്നതിനുള്ള സാദ്ധ്യത ഏറെയായതിനാൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സി.എഫ്.ആർ.ഡി.യുടെ റീജിയണൽ സെന്ററുകൾ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

റീജിയണൽ സെന്ററുകൾ ജില്ലാ തല സെന്ററുകളും മുൻഗണനാ അടിസ്ഥാനത്തിൽ സ്ഥാപിക്കുവാനുള്ള വിശദമായ നിർദ്ദേശങ്ങൾ സി.എഫ്.ആർ.ഡി. തയ്യാറാക്കിയിട്ടുണ്ട്.

<u>നിലവിലെ സ്ഥിതി</u>

നിർദ്ദേശങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിന്റെ പരിഗണനയിലാണ്.

<u>ശിപാർശ</u>

സി.എഫ്.ആർ.ഡി.യിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് മതിയായ പ്രചരണം ലഭിക്കാത്തതിനാൽ സി. എഫ്. ആർ. ഡി. നടത്തുന്ന പഠനകോഴ്സുകൾ സംബന്ധിച്ചും ഇവിടെ നടത്തിവരുന്ന ഭക്ഷ്യവസ്തുക്കളുടെ പരിശോധന സംബന്ധിച്ചും പൊതുജനങ്ങളിൽ അവബോധം

സൃഷ്ടിക്കുന്നതിനായി വിപുലമായ രീതിയിൽ വിവരങ്ങൾ പരസ്യപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രമുഖ മാദ്ധ്യമങ്ങൾവഴി പരസ്യം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

ലഘുലേഖ തയ്യാറാക്കി പൊതുജനങ്ങൾക്കും സി.എഫ്.ആർ.ഡി.യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടവർക്കും നൽകിവരുന്നു. മാസികകളിൽ ലേഖനം വഴിയും പ്രചാരണം നൽകി വരുന്നു. സി.എഫ്.ആർ.ഡി.യുടെ പ്രവർത്തനങ്ങളെക്കുറിച്ച് തയ്യാറാക്കിയ സി.ഡി.യുടെ ഫൈനൽ എഡിറ്റിംഗ് നടന്നുവരുന്നു. കൂടാതെ കോന്നിയിൽവച്ച് സി.എഫ്.ആർ.ഡി. ബിസിനസ് മീറ്റ് 2016 എന്ന പേരിൽ വിപുലമായ ഒരു സമ്മേളന പ്രദർശന പരിപാടി സംഘടിപ്പിക്കുന്നു. അതുവഴി സി.എഫ്.ആർ.ഡി.യെ കുറിച്ച് കൂടുതൽ പ്രചാരണം നൽകുവാൻ സാധിക്കുന്നതാണ്.

<u>നിലവിലെ സ്ഥിതി</u>

പത്രമാധ്യമങ്ങൾവഴിയും ബിസിനസ് മീറ്റുകൾവഴിയും സി.എഫ്.ആർ.ഡി.യെയും അതിന്റെകീഴിൽ പ്രവർത്തിക്കുന്ന കോളേജിനേയും സംബന്ധിച്ചുള്ള പരസ്യങ്ങൾ നൽകിവരുന്നു

<u>ശിപാർശ</u>

കയറ്റി അയയ്ക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി ലാബിന് ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരം അനിവാര്യമായതിനാൽ സി.എഫ്.ആർ.ഡി. ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരം നേടിയെടുക്കണമെന്നും ഇതിനായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലെയ്സൺ വർക്ക് കാര്യക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

സി.എഫ്.ആർ.ഡി.യുടെകീഴിലുള്ള മൈക്രോബയോളജി ലാബിനും, കെമിക്കൽ ലാബിനും NABL അംഗീകാരം ലഭിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരത്തിനുവേണ്ടി നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

<u>നിലവിലെ സ്ഥിതി</u>

ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. നടപടികൾ തുടരുന്നു.

ശിപാർശ

തുടക്കത്തിൽ ഫുഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട് നാല് കോഴ്സുകളാണ് വിഭാവനം ചെയ്തിരുന്നത് എന്നും എന്നാൽ നിലവിൽ രണ്ട് കോഴ്സുകൾ മാത്രമേ നടത്തുന്നുള്ളൂവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മറ്റ് രണ്ട് കോഴ്സുകളായ കാറ്ററിംഗ് ടെക്നോളജിയും എം.ബി.എ.യും (ഹോട്ടൽ മാനേജ്മെന്റ്) ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, ഭരണപരമായ തീരുമാനങ്ങൾ എന്നിവയിൽ കാലവിളംബം ഒഴിവാക്കി എത്രയും പെട്ടെന്ന് കോഴ്സുകൾ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

എം.ബി.എ. ഫുഡ് ബിസിനസ്സ് മാനേജ്മെന്റ് എന്ന പാഠ്യപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി എം.ജി. യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നിലവിലെ സ്ഥിതി

ഈ വർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കുന്നമുറയ്ക്ക് MBA കോഴ്സ് ആരംഭിക്കുന്നതാണ്. ഭരണാനുമതിക്കുള്ള നടപടികൾ തുടരുന്നു.

ശിപാർശ

ഇൻസ്റ്റിറ്റ്യൂട്ടിനായി പരമാവധി ആൾക്കാരെ ഉൾക്കൊള്ളാവുന്ന തരത്തിൽ ഒരു കോൺഫറൻസ് ഹാളും പരിശീലകർക്കായി മതിയായ സൗകര്യമുള്ള ട്രെയിനിംഗ് ഹാളും നിർമ്മിക്കുന്നതിനും ലേഡീസ് ഹോസ്റ്റലിലെ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമായി അധിക തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

പരിശീലകർക്കായി മതിയായ സൗകര്യമുള്ള ട്രെയിനിംഗ് ഹാൾ നിർമ്മിക്കുന്നതിനും ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുന്നതിന് കിറ്റ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിലെ സ്ഥിതി

DPR ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ

ഗുണനിലവാരം ഇല്ലാത്തതും ആവശ്യംവേണ്ടുന്ന ഘടകങ്ങൾ ഉൾക്കൊള്ളാത്തതും എന്നാൽ മാരകമായ രാസാവശിഷ്ടങ്ങൾ ഉൾപ്പെടുന്നതുമായ മരുന്നുകൾ ഉപയോഗിക്കുക വഴി നിരവധി രോഗികൾ പുതിയ പുതിയ രോഗങ്ങൾക്ക് അടിമപ്പെടുന്നത് തടയുന്നതിനാവശ്യമായ നടപടി സി.എഫ്.ആർ.ഡി.യുടെ ഡ്രഗ് ടെസ്റ്റിംഗ് ലാബ് വഴി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

ഡ്രഗ് ടെസ്റ്റിംഗ് ലാബ് പ്രവർത്തന ക്ഷമമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

നിലവിലെ സ്ഥിതി

ഫണ്ട് ധനവകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഡ്രഗ് ലാബ് പ്രവർത്തന ക്ഷമമാക്കുന്നതാണ്.

ശിപാർശ

സംസ്ഥാനത്ത് ഭക്ഷ്യഗുണനിലവാര സർവ്വേ നടത്തുന്നതിന് സി.എഫ്.ആർ.ഡി. ലക്ഷ്യമിടുന്നതിനാൽ വിളവെടുക്കുന്ന സ്ഥലങ്ങൾ, സംഭരണശാലകൾ, വിതരണക്കാർ, പൊതു കമ്പോളങ്ങൾ എന്നിവിടങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിക്കുന്നതിനും പരിശോധന നടത്തുന്നതിനും സി.എ.ഫ്.ആർ.ഡി.യെ അധികാരപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

2014-15 ബഡ്ജറ്റിൽ അനുവദിച്ച 40 ലക്ഷം രൂപ ചെലവാക്കി കേരളത്തിലെ 14 ജില്ലകളിൽ നിന്നും ഭക്ഷ്യ സാമ്പിളുകൾ ശേഖരിക്കുകയും അവ പരിശോധിക്കുകയും ചെയ്തിരുന്നു. ഭക്ഷ്യ ഗുണനിലവാര സർവ്വേ നടത്തുന്നതിന് സി.എഫ്.ആർ.ഡി.യെ ചുമതലപ്പെടുത്തുന്നതിനുള്ള അപേക്ഷ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

നിലവിലെ സ്ഥിതി

ഈ വിഷയത്തിൽ മേൽ നടപടി ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.

ശിപാർശ

പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് സഹായകമാകും എന്നതിനാൽ ഭക്ഷ്യവസ്തുക്കളുടെ പരിശോധനയ്ക്കും വിശകലനത്തിനും ആവശ്യമായ തസ്തിക സി.എഫ്.ആർ.ഡി.യിൽ സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

ഇത് സംബന്ധിച്ച നിർദ്ദേശം വകുപ്പിന്റെ പരിശോധനയിലാണ്.

നിലവിലെ സ്ഥിതി

ഈ വിഷയം സർക്കാർ പരിഗണിച്ചുവരുന്നു.

ശിപാർശ

പഴങ്ങളുടെയും പച്ചക്കറികളുടെയും സംഭരണം, നിർജ്ജലീകരണം എന്നിവയിൽ പരിശീലനം നൽകുന്നതിനുള്ള മാതൃകാ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതി തയ്യാറാക്കുകയാണെന്നും ഇലഞ്ഞിയിൽ ആരംഭിക്കുന്ന യൂണിറ്റിന്റെ അന്തിമ ചർച്ച കഴിഞ്ഞുവെന്നും ആയതിന് എ.എസ്. കിട്ടിയിട്ടുണ്ടെന്നും ഡിസംബർ അവസാനം ടെൻഡർ നടപടി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. എന്നാൽ ഇക്കാര്യങ്ങൾ സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും പ്രസ്തുത യൂണിറ്റ് അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

പഴങ്ങളുടെയും പച്ചക്കറികളുടെയും സംഭരണം, നിർജ്ജലീകരണം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ ഇലഞ്ഞി പഞ്ചായത്തിൽ ഒരു പഴം-പച്ചക്കറി സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് സർക്കാർ 12.31 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയത് പ്രകാരം 2014-15 സാമ്പത്തികവർഷത്തിൽ 125 ലക്ഷം രൂപയും 2015-16 സാമ്പത്തികവർഷത്തിൽ 185 ലക്ഷം രൂപയും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ശീതീകരണശാലയും ഒരു നിർജ്ജലീകരണ ശാലയും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇവ രണ്ടിനുമുള്ള കെട്ടിടങ്ങളുടെ ഫൗണ്ടേഷൻ ജോലികൾ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

<u>നിലവിലെ സ്ഥിതി</u>

കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നു.

<u>ശിപാർശ</u>

സംഭരണശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥയുടെ വിശദാംശം സമിതിക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

സംഭരണശാലകൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ 12.31 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളത്. 1250 ടൺ ശേഷിയുള്ള ശീതീകരിച്ച സംഭരണശാലയും 500 ടൺ ശേഷിയുള്ള നിർജ്ജലീകരണശാലയും സ്ഥാപിക്കുവാനാണ് പദ്ധതി ഇട്ടിരിക്കുന്നത്. രണ്ടിനുമുള്ളകെട്ടിടങ്ങളുടെ പണി ദ്രുതഗതിയിൽ നടന്നുവരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റിന്റെകീഴിലുള്ള APEDA യിൽനിന്നും 7.5 കോടിരൂപ ഗ്രാന്റായി അനുവദിച്ചുകിട്ടുകയും അതിൽ 3.65 കോടി രൂപ റിലീസ് ചെയ്ത് കിട്ടുകയും ചെയ്തിട്ടുണ്ട്.

<u>നിലവിലെ സ്ഥിതി</u>

ശീതികരണ സംഭരണശാലയുടെ നിർമ്മാണം ഭംഗിയായി നടക്കുന്നുണ്ട്. നിർജ്ജലീകരണശാലയുടെ, മുകളിലേക്കുള്ള നിർമ്മാണം മഴമൂലം വൈകി ആരംഭിച്ചതേയുള്ളൂ.

<u>ശിപാർശ</u>

അംഗീകാരമില്ലാത്ത സംഭരണശാലകളിൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നത് തടയുന്നതിനായി നിയമനിർമ്മാണം നടത്തണമെന്നും സംഭരണശാലകളുടെ സർട്ടിഫിക്കേഷന് സി.എഫ്.ആർ.ഡി.-യെ അധികാരപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

ഇതു സംബന്ധിച്ച വിശദമായ നിർദ്ദേശം ലഭ്യമാക്കുവാൻ സി.എഫ്.ആർ.ഡി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിലെ സ്ഥിതി

ഇതു സംബന്ധിച്ച പ്രൊപ്പോസൽ തയ്യാറായിവരുന്നു.

ശിപാർശ

എല്ലാ ജില്ലകളിലെയും ഭക്ഷ്യ വ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും ഈ മേഖലയിലേക്ക് കടന്നുവരാൻ ഉദ്ദേശിക്കുന്ന വ്യവസായ സംരംഭകർക്കും ഭക്ഷ്യ സംസ്കരണത്തിൽ സി.എഫ്.ആർ.ഡി. മുഖേന പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

ഇത്തരക്കാർക്ക് ആവശ്യമായ പരിശീലനം നൽകാൻ സി.എഫ്.ആർ.ഡി. തയ്യാറാണ്.

നിലവിലെ സ്ഥിതി

ഈ വർഷം ഇതിനായി 45 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ആയതിന്റെ ഭരണാനുമതി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ശിപാർശ

സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്തി സർട്ടിഫിക്കേഷൻ നൽകുന്നതിന് ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിന് പുറമെ സി.എഫ്.ആർ.ഡി.-യെ കൂടി ചുമതലപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

ഇതു സംബന്ധിച്ച് വിശദമായ നിർദ്ദേശം ലഭ്യമാക്കുവാൻ സി.എഫ്.ആർ.ഡി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിലെ സ്ഥിതി

സർട്ടിഫിക്കേഷൻ അധികാരം നൽകുന്നതിന് സി.എഫ്.ആർ.ഡി. ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം അവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച ചോദ്യാവലിയിന്മേൽ ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരിൽനിന്നും 28-12-2017-ൽ സമിതി തെളിവെടുപ്പ് നടത്തി.

## അദ്ധ്യായം III

### ചട്ടം 236 (5) പ്രകാരം സഭയിൽ സമർപ്പിച്ച കാലതാമസ പത്രിക

(എ) 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 23-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ 6-2-2018-ൽ സഭയിൽ സമർപ്പിച്ചു.

### ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്

(ബി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനകളുടെ കീഴിൽ വരുന്ന ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ 2016-17 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ 6-2-2018-ൽ സഭയിൽ സമർപ്പിച്ചു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2018 ജൂൺ 11.

അനുബന്ധം I

## 10-4-2017-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2017, ഏപ്രിൽ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി. എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി.

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 23-5-2017-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബജക്ട് കമ്മിറ്റി XI, 2017 മേയ് 23-ാം തീയതി ചൊവ്വാഴ്ച, സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 5.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗംചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗവും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി മിനി ആന്റണി, സ്പെഷ്യൽ സെക്രട്ടറി, ഫുഡ് ആന്റ് സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. പി. വേണുഗോപാൽ, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്
3. ശ്രീ. മുഹമ്മദ് ഇക്ബാൽ, കൺട്രോളർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്
4. ശ്രീ. എൻ. ടി. എൽ. റെഡ്ഡി, ഡയറക്ടർ, സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. പി. എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
6. ശ്രീമതി എസ്. ലളിതാംബിക, രജിസ്ട്രാർ, O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
7. ശ്രീമതി ഇ. ആർ. രാധാമണി, അഡീഷണൽ രജിസ്ട്രാർ, O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
8. ശ്രീ. സി. എം. അജയമോഹൻ, അഡീഷണൽ രജിസ്ട്രാർ, O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
9. ശ്രീമതി സാവിത്രി. എം. ഡെപ്യൂട്ടി രജിസ്ട്രാർ, O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
10. ശ്രീമതി ചിത്രജ എസ്.ഡി., ഡെപ്യൂട്ടി രജിസ്ട്രാർ, O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
11. ശ്രീമതി കാഞ്ചന റ്റി., അസിസ്റ്റന്റ് രജിസ്ട്രാർ (ഫിനാൻസ്), O/o രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
12. ശ്രീമതി ഡാർളി ജോസഫ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്.

2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സഹകരണം, ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃകാര്യവും എന്നീ വകുപ്പുകളിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും 2016-17 സാമ്പത്തികവർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും സമിതി പരിഗണിക്കുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

1. 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 1 മുതൽ 16 വരെയുള്ള ഖണ്ഡികയിലെ ശിപാർശയിന്മേൽ സഹകരണ വകുപ്പിൽനിന്ന് ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ 17, 18, 19, 20, 21, 22, 24, 25, 26, 28, 30 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃകാര്യവും വകുപ്പിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 4410/സബ്.സി.ജി1/2016/നി.സെ.)

2. 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി അംഗീകരിച്ചു.

സമിതി യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.

## 8-8-2017-ലെ യോഗനടപടിക്കുറിപ്പ്

(ഫയൽ നമ്പർ 3693/സബ്.സി.ജി1/2017/നി.സെ.)

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ ഒരു യോഗം 2017, ആഗസ്റ്റ് 8-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം നിയമസഭാസമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

പ്രസ്തുത യോഗത്തിന് സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും ചുവടെ പറയുന്ന സമിതി അംഗങ്ങളും ഹാജരായി:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. അനൂപ് ജേക്കബ്

3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

4. ശ്രീ. ജോർജ് എം. തോമസ്

5. ശ്രീ. പി. സി. ജോർജ്

6. ശ്രീ. വി. ജോയി

7. ശ്രീ. മുഹമ്മദ് മുഹസിൻ പി.

8. ശ്രീ. മുരളി പെരുനെല്ലി

9. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി പി. കെ. ഗിരിജ, സ്പെഷ്യൽ സെക്രട്ടറി

2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. വേണുഗോപാൽ, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്

2. ശ്രീ. എം. എച്ച്. മുഹമ്മദ് റാഫി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

3. ശ്രീ. പി. എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്

4. ശ്രീമതി എസ്. ലളിതാംബിക, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

5. ശ്രീമതി എസ്. അഞ്ജന, അസിസ്റ്റന്റ് രജിസ്ട്രാർ (C.B.), O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

6. ശ്രീമതി അലീന തോമസ്, ലാ ഓഫീസർ, O/o രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

സമിതി 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണിക്കുകയും താഴെ പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

പ്രസ്തുത ബില്ലിൽ നോമിനൽ അസോസിയേറ്റ് മെമ്പർമാർക്കുകൂടി വായ്പ കൊടുക്കുന്ന രീതിയിലേയ്ക്ക് മാറ്റം വരുത്തണമെന്നും 7-ാം വകുപ്പിലെ മൂല നിയമത്തിലെ 28 (എ ബി) വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി സംഘത്തിന്റെ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തുടർച്ചയായി രണ്ടു തവണയിൽ കൂടുതൽ പ്രസ്തുത സ്ഥാനം വഹിക്കുന്നത് തടയുന്നതിനുള്ള നിർദ്ദേശമാണെന്നും നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കോ, നിയമസഭാ/ പാർലമെന്ററി തെരഞ്ഞെടുപ്പിലോ ഇല്ലാത്ത ഈ പുതിയ നിബന്ധന നിക്ഷിപ്ത താൽപ്പര്യം മാത്രം മുൻനിർത്തിയുള്ളതാണെന്നും ശ്രീ. അബ്ദുൽ ഹമീദ്. പി.യും പ്രസ്തുത കാലാവധി

രണ്ടു വർഷത്തിൽനിന്നും 3 വർഷമാക്കണമെന്ന് ശ്രീ. പി. സി. ജോർജ് അഭിപ്രായ പ്പെട്ടപ്പോൾ പ്രസ്തുത ബിൽ സഭയിൽ ചർച്ചയ്ക്ക് വരുന്ന സാഹചര്യത്തിൽ അംഗങ്ങളുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം ആവശ്യമാണെങ്കിൽ മാറ്റം വരുത്താമെന്നും, പ്രസിഡന്റ്/ വൈസ് പ്രസിഡന്റ് എന്നിവരുടെ കാലയളവ് സംബന്ധിച്ച് സമവായമുണ്ടാക്കുന്നതിന് ബില്ലിന്റെ ചർച്ചാവേളയിൽ ആവശ്യമായ തീരുമാനമെടുക്കാമെന്നും ചെയർമാൻ അറിയിച്ചു.

ബില്ലിലെ ആറാം വകുപ്പിലെ (a) ഉപവകുപ്പ്

(a) "In subsection (1), the third proviso shall be omitted" എന്നതിനെ (a) In sub-section (1), the third proviso shall be substituted as "provided also that the election to the Committees of the societies shall not be conducted on ward basis irrespective of any provisions to the contrary, contained in the bye-laws of any society" എന്ന് ഭേദഗതി ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സമിതി അംഗങ്ങളായ ശ്രീ. അബ്ദുൾ ഹമീദ്. പി., ശ്രീ. അനൂപ് ജേക്കബ്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എന്നിവർ ബില്ലിലെ വ്യവസ്ഥകളോട് പൊതുവായും 3, 5, 7 എന്നീ വകുപ്പുകളിലെ ഭേദഗതി നിർദ്ദേശങ്ങളോട് പ്രത്യേകിച്ചും വിയോജിക്കുന്നതായി അറിയിക്കുന്ന രേഖാമൂലമുള്ള വിയോജനക്കുറിപ്പ് സമിതിയ്ക്ക് നൽകുകയുണ്ടായി.

യോഗം വൈകുന്നേരം 5.30-ന് പിരിഞ്ഞു.

## 21-8-2017-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI, 2017 ആഗസ്റ്റ് 21-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.45 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. വി. ജോയി, എം.എൽ.എ.
3. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.
4. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി മിനി ആന്റണി, സ്പെഷ്യൽ സെക്രട്ടറി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
2. ശ്രീ. എൻ. ടി. എൽ. റെഡ്ഡി, ഡയറക്ടർ, സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റ്
3. ശ്രീ. കെ. വേണുഗോപാൽ, ജനറൽ മാനേജർ, സപ്ലൈകോ
4. ശ്രീമതി ജി. ശശികല, സെക്രട്ടറി & രജിസ്ട്രാർ, കേരള സ്റ്റേറ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റിഡ്രസൽ കമ്മീഷൻ
5. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, സി.എ.ഒ., സിവിൽസപ്ലൈസ് ഡയറക്ടറേറ്റ്
6. ശ്രീമതി അനുരാധ, കെ. സി, അണ്ടർ സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
7. ശ്രീമതി ഗ്രേസ് ബേബി, ചീഫ് അനലിസ്റ്റ്, സി.എഫ്.ആർ.ഡി.

സമിതി 2016-17, 2017-18 എന്നീ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, സി.എഫ്.ആർ.ഡി.യുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ വിവിധ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 24, 27, 29, 31 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 4410/സബ്.സി.ജി/2016/നി.സെ.)

2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ വിവിധ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 1887/സബ്.സി.ജി1/2017/നി.സെ.)

സബ്ജക്റ്റ് കമ്മിറ്റി XI -ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 16, 17, 18, 22, 24 എന്നിവയിലെ ശിപാർശയിന്മേൽ ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സി.എഫ്.ആർ.ഡി.യുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നുള്ള നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 3547/സബ്.സി.ജി1/2014/നി.സെ.)

ശിപാർശ നമ്പർ 1

സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന പാക്ക് ചെയ്തുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് റാൻഡം ചെക്കിംഗ് നടത്തുമ്പോൾ ക്വാളിറ്റി കൺട്രോൾ സെക്ഷൻവഴി സാമ്പിൾ ശേഖരിച്ച് സി.എഫ്.ആർ.ഡി.യ്ക്ക് ലാബ് ടെസ്റ്റിന് നൽകുകയാണ് ചെയ്യുന്നതെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക നമ്പർ 2

റീജിയണൽ സെന്ററുകളും ജില്ലാതല സെന്ററുകളും മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കണമെന്ന സമിതി ശിപാർശയനുസരിച്ച് സി.എഫ്.ആർ.ഡി. തയ്യാറാക്കിയ വിശദമായ നിർദ്ദേശങ്ങൾ സിവിൽസപ്ലൈസ് വകുപ്പിന്റെ പരിഗണനയിലാണെന്നും ലാബ്, എക്യുപ്മെന്റ്സ്, കെട്ടിടങ്ങൾ, ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയവയെല്ലാം ഇതിൽ വരുന്നതാണെന്നും ആയതിന് ഇരുപത് കോടിയോളം രൂപ ചെലവ് വരുമെന്നും അടുത്ത വർഷങ്ങളിലുള്ള പ്ലാൻ ഐറ്റത്തിൽ ഇത് ഉൾപ്പെടുത്തി വിപുലീകരണത്തിന് മുൻഗണന നൽകണമെന്ന് പ്ലാനിംഗ് ബോർഡിനെ അറിയിച്ചിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു

ഖണ്ഡിക നമ്പർ 3

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക നമ്പർ 5

കയറ്റി അയയ്ക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലാബിന് എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും അംഗീകാരം ലഭിക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക 7

എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എം.ബി.എ. ഫുഡ് ബിസിനസ്സ് മാനേജ്മെന്റ് കോഴ്സ് ആരംഭിക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നുണ്ടെന്നും സി.എഫ്.ആർ.ഡി. നേരിട്ട് കോന്നിയിൽ സ്ഥിതിചെയ്യുന്ന സെന്ററിലാണ് കോഴ്സുകൾ നടത്തുന്നതെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക 9

ഇൻസ്റ്റിറ്റ്യൂട്ടിന് മെച്ചപ്പെട്ട കോൺഫറൻസ് ഹാളും പരിശീലനത്തിനായി സൗകര്യമുള്ള ട്രെയിനിംഗ് ഹാളും നിർമ്മിക്കണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഡി.പി.ആർ. കിട്ടുന്ന മുറയ്ക്ക് വർക്കിംഗ് ഗ്രൂപ്പിൽ വച്ച് അപ്രൂവ് ചെയ്ത് കൊടുക്കുന്നതാണെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക 11

ഗുണനിലവാരമില്ലാത്തതും മാരകമായ രാസാവശിഷ്ടങ്ങൾ ഉൾപ്പെടുന്നതുമായ മരുന്നുകളുടെ ഉപഭോഗം തടയുന്നതിനാവശ്യമായ നടപടി ഡ്രഗ് ടെസ്റ്റിംഗ് ലാബ് വഴി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. ഡ്രഗ് ടെസ്റ്റിംഗ് ലാബിന് ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ശിപാർശകളിന്മേൽ നടപടി സ്വീകരിക്കാൻ കഴിയുമെന്നും ആയതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും ഫണ്ടും ലാബിന് അക്രെഡിറ്റേഷനും ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക 13

ഭക്ഷ്യ ഗുണനിലവാര സർവ്വേ നടത്തുന്നതിനായി വിളവെടുക്കുന്ന സ്ഥലങ്ങൾ സംഭരണ ശാലകൾ, വിതരണക്കാർ, പൊതുകമ്പോളങ്ങൾ എന്നിവിടങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിക്കുന്നതിനും പരിശോധന നടത്തുന്നതിനും സി.എഫ്.ആർ.ഡി.യെ അധികാരപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ ഇക്കാര്യത്തിനായി സി.എഫ്.ആർ.ഡി.യെ ഫുഡ് സേഫ്റ്റി കമ്മീഷണർ അധികാരപ്പെടുത്തേണ്ടതുണ്ടെന്നും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് ഇതിനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ അനുമതി ലഭിക്കുന്നപക്ഷം സാമ്പിളുകൾ ശേഖരിക്കുന്നതിനും പരിശോധന നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ നിലവിൽ ലാബിലുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക 14

ഭക്ഷ്യ വസ്തുക്കളുടെ പരിശോധനയും വിശകലനത്തിനും ആവശ്യമായ തസ്തികകൾ സംബന്ധിച്ച വിവരം സി.എഫ്.ആർ.ഡി. ലഭ്യമാക്കിയിട്ടുണ്ടെന്നും ആയത് സർക്കാരിന്റെ പരിഗണയിലാണെന്നും ധനകാര്യ വകുപ്പിന്റെ അംഗീകാരംകൂടി ലഭിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂയെന്നും സി.എഫ്.ആർ.ഡി.യിൽനിന്നും ലഭ്യമാക്കിയ വിവരങ്ങൾ വകുപ്പ് പരിശോധിച്ചു വരികയാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക 15 &16

ഖണ്ഡിക 15, 16 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക 17

അംഗീകാരമില്ലാത്ത സംഭരണശാലകളിൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നത് തടയുന്നതിനായി നിയമനിർമ്മാണം നടത്തണമെന്നും സംഭരണശാലകളുടെ സർട്ടിഫിക്കേഷന് സി.എഫ്.ആർ.ഡി.യെ ചുമതലപ്പെടുത്തണമെന്നുള്ള സമിതിയുടെ ശിപാർശ സി.എഫ്.ആർ.ഡി.യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ സംഭരണശാലകൾക്ക് പൊതുവായി ഒരു ഗൈഡ് ലൈൻ തയ്യാറാക്കി വരികയാണെന്നും അവ പൂർത്തിയാകുന്ന മുറയ്ക്ക് സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക 18

ഭക്ഷ്യ സംസ്കരണ മേഖലയിലേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന വ്യവസായ സംരംഭകർക്ക് സി.എഫ്.ആർ.ഡി.മുഖേന പരിശീലനം നൽകുന്നതിന് ഒരു പ്രോജക്ട് നിലവിലുണ്ടെന്നും കഴിഞ്ഞ സാമ്പത്തികവർഷം വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഒരു പ്രോജക്ടിന് സാങ്ഷൻ കൊടുത്തിരുന്നുവെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജില്ലാ വ്യവസായ കേന്ദ്രവുംവഴി അപേക്ഷകരായിവരുന്ന സംരംഭകരെ പരിശീലിപ്പിക്കുന്നതിനായി ഈ വർഷം 45 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ടെന്നും ആയതിനു ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

ഖണ്ഡിക 19

സംസ്ഥാനത്ത് ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിന് സി.എഫ്.ആർ.ഡി.യെ ചുമതലപ്പെടുത്തണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കേഷനുവേണ്ട അടിസ്ഥാനപരമായ യോഗ്യതകൾ എന്തൊക്കെയാണെന്ന് ആരായാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കൂടാതെ സർട്ടിഫിക്കേഷനുള്ള അധികാരം നൽകണമെന്ന് സി.എഫ്.ആർ.ഡി. ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് സർക്കാരിന്റെ പരിഗണനയിലാണെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു

പീരിയോഡിക്കൽ റിപ്പോർട്ടിന്റെ പരിഗണന

1-4-2016 മുതൽ 31-3-2017 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു

(ഫയൽ നമ്പർ 2231/സബ്.സി.ജി1/2017/നി.സെ.)

സമിതി യോഗം വൈകുന്നേരം 4.30 മണിയ്ക്ക് അവസാനിച്ചു

## 29-11-2017-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2017 നവംബർ 29-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. അനൂപ് ജേക്കബ്
3. ശ്രീ. പി. സി. ജോർജ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി മിനി ആന്റണി, സ്പെഷ്യൽ സെക്രട്ടറി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
2. ശ്രീ. എൻ. ടി. എൽ. റെഡ്ഡി, ഡയറക്ടർ, സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റ്
3. ശ്രീ. മുഹമ്മദ് ഇക്ബാൽ, കൺട്രോളർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്
4. ശ്രീ. കെ. വേണുഗോപാൽ, ജനറൽ മാനേജർ, സപ്ലൈകോ
5. ശ്രീമതി പി. കെ. സീതാലക്ഷ്മി അമ്മ, സ്പെഷ്യൽ സെക്രട്ടറി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
6. ശ്രീമതി ആർ. റീനഗോപാൽ, ജോയിന്റ് കൺട്രോളർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്
7. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, സി.എ.ഒ., സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റ്
8. ശ്രീമതി അനുരാധ കെ. സി., അണ്ടർ സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്.

മുൻമന്ത്രി ഇ. ചന്ദ്രശേഖരൻ നായരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി സമിതി ഒരു മിനിറ്റ് മൗനം ആചരിച്ചു. കൂടാതെ നിശ്ചയിച്ചിരുന്ന അജണ്ട മറ്റൊരു ദിവസം പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 2.35-ന് പിരിഞ്ഞു.

1236/2018.

## 28-12-2017-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2017 ഡിസംബർ 28-ാം തീയതി വ്യാഴാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതി എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
3. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.
4. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി പി.കെ. ഗിരിജ, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. റെജി ബി. ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
2. ശ്രീ. എൻ. ടി. എൽ. റെഡ്ഡി, ഡയറക്ടർ, സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റ്
3. ശ്രീ. മുഹമ്മദ് ഇക്ബാൽ, കൺട്രോളർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്.
4. ശ്രീ. ഷെൽജി ജോർജ്, മാനേജർ, സപ്ലൈകോ
5. ശ്രീ. ജെയ്സൺ ജേക്കബ്, അസിസ്റ്റന്റ് മാനേജർ, സപ്ലൈകോ
6. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, സി.എ.ഒ., സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റ്
7. ശ്രീമതി ബിന്ദു സി. വർഗ്ഗീസ്, അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ, ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ്
8. ശ്രീമതി അനുരാധ കെ. സി., അണ്ടർ സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്.

സമിതി, സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച ചോദ്യാവലിയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പ് നടത്തുകയും 2016-17, 2017-18 സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത്തും, രണ്ടാമത്തും റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു

I. <u>സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം, അവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച ചോദ്യാവലിയിന്മേലുള്ള തെളിവെടുപ്പ്</u>

(ഫയൽ നമ്പർ 2521/സബ്.സി.ജി1/2017/നി.സെ.)

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ മെഡിക്കൽ സ്റ്റോറുകളുടെ വാർഷിക വിറ്റുവരവും ജീവനക്കാരുടെ എണ്ണവും തമ്മിൽ വലിയ അന്തരമാണ് കാണുന്നതെന്നും ഇത്തരത്തിൽ കേരളത്തിന്റെ പൊതു സ്വത്ത് നശിപ്പിക്കുന്നവർക്കെതിരെ ക്രിമിനൽ കേസ്സെടുക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. തിരുവനന്തപുരം ജില്ലയിലെ പഴവങ്ങാടിയിൽ സ്ഥിതി ചെയ്യുന്ന 97 ലക്ഷം രൂപ വാർഷിക വരുമാനമുള്ള സ്റ്റോറിൽ മൂന്ന് ജീവനക്കാരെ മാത്രമാണ് നിയമിച്ചിട്ടുള്ളതെന്നും എന്നാൽ മൂന്ന് കോടി രൂപ വാർഷിക വരുമാനമുള്ള നെയ്യാറ്റിൻകരയിലെ സ്റ്റോറിൽ എട്ട് ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും സമിതി കണ്ടെത്തി.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ മൊത്തം വിറ്റുവരവും ജീവനക്കാരുടെ എണ്ണവും പരിശോധിച്ചാൽ വലിയ അന്തരമാണ് കാണാൻ കഴിയുന്നതെന്നും കൂടുതൽ വിൽപ്പന നടക്കുന്ന സ്ഥലങ്ങളിൽ ജീവനക്കാരുടെ എണ്ണം കുറവും എന്നാൽ വളരെക്കുറവ് വിൽപ്പന നടക്കുന്ന സ്ഥലങ്ങളിൽ ജീവനക്കാരുടെ എണ്ണം കൂടുതലാണെന്നും സമിതി ചൂണ്ടിക്കാട്ടി.

എട്ട് കോടി രൂപ വിറ്റുവരവുള്ള കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിലെ സ്റ്റോറിൽ മൂന്ന് ജീവനക്കാരാണുള്ളതെന്നും ഇത്തരം സ്റ്റോറുകളിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ അവരുടെ മാതൃവകുപ്പുകളിലേയ്ക്ക് തിരിച്ചയച്ചാൽ ഈ പ്രശ്നത്തിന് പരിഹാരമാകുമെന്നും ഇക്കാര്യത്തിൽ ഒരു ഒത്തുതീർപ്പിനും തയ്യാറാകരുതെന്നും സമിതി അഭിപ്രായപ്പെട്ടു.

ഈ സ്ഥാപനങ്ങളിൽ ജീവനക്കാർ ആവശ്യത്തിനുണ്ടാകണമെന്നും അതിനായി പ്രത്യേക മാനദണ്ഡം നിശ്ചയിക്കാത്തതുകൊണ്ടാകാം ഇങ്ങനെയൊരു അന്തരമുണ്ടാകുന്നതെന്നും ഇത്തരത്തിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സേവനം എന്ന നിലയ്ക്കായിരിക്കാം നടത്തിക്കൊണ്ടുപോകുന്നതെന്നും, നല്ലരീതിയിൽ നടത്തിക്കൊണ്ടുപോകാൻ സാധ്യതയുള്ള ധാരാളം സ്ഥലങ്ങൾ സംസ്ഥാനത്തുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു

42 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെന്നാണ് കണക്കാക്കേണ്ടതെന്നും, അത്തരം സ്ഥാപനങ്ങളിൽ അഞ്ച് ജീവനക്കാരെ വരെ നിയമിക്കുന്നത് എന്തിനാണെന്നും, 18 ലക്ഷം രൂപ വാർഷിക വരുമാനമുള്ള നെടുങ്കണ്ടത്ത് രണ്ട് ജീവനക്കാരെ മാത്രമാണ് നിയോഗിച്ചിട്ടുള്ളതെന്നും സമിതി ചൂണ്ടിക്കാട്ടി. എട്ട് ലക്ഷം രൂപ വരുമാനമുള്ള എറണാകുളം ജില്ലയിലെ കാക്കനാട് സ്റ്റോറിൽ ജീവനക്കാരുടെ എണ്ണം പൂജ്യമെന്ന് രേഖപ്പെടുത്തിയതിന്റെ കാരണം സമിതി ആരാഞ്ഞതിന് പ്രസ്തുത ഷോപ്പിൽ ഫാർമസിസ്റ്റിന്റെ ഷോർട്ടേജ് വന്നതിനാൽ കുറച്ചുകാലം ഷോപ്പ് അടച്ചിട്ടിരുന്നുവെന്നും നിലവിൽ ഇവിടെ രണ്ട് ജീവനക്കാരുണ്ടെന്നും സപ്ലൈകോ മാനേജർ സമിതിയെ അറിയിച്ചു.

മൂന്നര ലക്ഷം രൂപ വരുമാനമുണ്ടെങ്കിൽ മാത്രമേ നഷ്ടവും ലാഭവുമില്ലാതെ ഈ സ്ഥാപനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളുവെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഒന്നിൽ കൂടുതൽ പേരെ നിയോഗിച്ചിട്ടുണ്ടെങ്കിൽ അവരെ പിരിച്ചുവിടുകയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ തിരിച്ചയയ്ക്കുകയും ചെയ്യുന്നതോടൊപ്പം ഈ വിഷയത്തിൽ ഒരു ശാസ്ത്രീയ പഠനം നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ലാഭകരമല്ലാത്ത സ്ഥലങ്ങളിലെ സ്ഥാപനങ്ങളിൽ ഒന്നിൽ കൂടുതൽ പേരെ നിയമിക്കാൻ പാടില്ലെന്നും അധിക ജീവനക്കാരെ പിരിച്ചയച്ചതിനുശേഷം പ്രായോഗികത പരിശോധിച്ച ശേഷം ഇത് സംബന്ധിച്ച് തീരുമാനമെടുക്കണമെന്നും സമിതി കൂട്ടിച്ചേർത്തു.

മിക്കവാറും എല്ലാ സ്റ്റോറുകളിലും ഫാർമസിസ്റ്റുകളെ താൽക്കാലിക അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളതെന്നും ഈ തസ്തികയിലെ സ്ഥിരനിയമനത്തിനായി പി.എസ്.സി.വഴി 57 പേരടങ്ങുന്ന ലിസ്റ്റ് തയ്യാറാക്കിവരുന്നുണ്ടെന്നും പ്രസ്തുത ലിസ്റ്റ് നിലവിൽ വന്നാൽ ഒരു ഷോപ്പിൽ ഓഫീസർ-ഇൻ-ചാർജ്ജും ഫാർമസിസ്റ്റും എന്ന നിലയിൽ ഒരാൾ മതിയാകുമെന്നും നിലവിൽ സപ്ലൈകോയിൽ നിന്നോ അല്ലെങ്കിൽ ഡെപ്യൂട്ടേഷനിൽ വരുന്നതോ ആയ ഒരാൾ ഓഫീസർ-ഇൻ-ചാർജ്ജായും ഉണ്ടാകുമെന്നും അവർക്ക് ഫാർമസിയുമായി ബന്ധമില്ലാത്തതുകൊണ്ട് ഒരു ഫാർമസിസ്റ്റിനെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കേണ്ടിവന്നുവെന്നും സപ്ലൈകോ മാനേജർ സമിതിയെ അറിയിച്ചു. ഒരു സ്റ്റോറിൽ ഫാർമസിസ്റ്റിനെ നിലനിർത്തി ഓഫീസർ-ഇൻ-ചാർജ്ജിനെ ഒഴിവാക്കുന്നത് സംബന്ധിച്ച അഭിപ്രായം ആരാഞ്ഞതിന്, ഫാർമസിസ്റ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ആയതിനാൽ അവരെ ഓഫീസർ-ഇൻ-ചാർജ്ജിന്റെ ചുമതലയേൽപ്പിക്കാൻ കഴിയില്ലെന്ന് സപ്ലൈകോ മാനേജർ സമിതിയെ അറിയിച്ചു.

പി.എസ്.സി. ലിസ്റ്റ് നിലവിൽ വരുമ്പോൾ ഓഫീസർ-ഇൻ-ചാർജ്ജും ഫാർമസിസ്റ്റും ഒരാൾ എന്ന രീതിയിൽ അറേഞ്ച്മെന്റ് ചെയ്യണമെന്നും പ്രായോഗികമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന സ്ഥലങ്ങളിൽ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിപ്പിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ജനപ്രതിനിധികൾ ആവശ്യപ്പെടുന്നതനുസരിച്ചാണ് ഓരോ സ്ഥലത്തും ഔട്ട്ലെറ്റുകൾ അനുവദിച്ചിട്ടുള്ളതെന്നും സപ്ലൈകോയുടെ മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്ത ആശുപത്രികൾക്ക് സമീപം ഔട്ട്ലെറ്റുകൾ അനുവദിച്ചാൽ അവിടെ നീതി മെഡിക്കൽസും കാരുണ്യ ഫാർമസിയും ജൻ ഔഷധിയും ഉടൻ തന്നെ പ്രവർത്തനം തുടങ്ങുന്നുണ്ടെന്നും അങ്ങനെ വരുന്ന സാഹചര്യത്തിൽ സർക്കാരിന്റെതന്നെ പൊതുസംരംഭങ്ങൾ പരസ്പരം മത്സരിച്ച് നഷ്ടത്തിലാകുന്ന അവസ്ഥ ഉണ്ടാകുമെന്നും സമിതി ചൂണ്ടിക്കാട്ടി. പൊതുജനങ്ങൾക്കാവശ്യമായ അവശ്യംവേണ്ട മരുന്നുകൾ ലഭ്യമാക്കാൻ കഴിയണമെന്നും ഡയബറ്റിസ്, ബ്ലഡ് പ്രഷർ ഇടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ തീരുന്ന മുറയ്ക്ക് സ്റ്റോക്ക് ചെയ്യുന്നതോടൊപ്പം കാലാവധി കഴിഞ്ഞ മരുന്നുകളുടെ കണക്ക് സൂക്ഷിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ജി.എസ്.ടി. നിയമം വന്നതിനുശേഷം കാലാവധി കഴിഞ്ഞ മരുന്നുകൾ കമ്പനികൾ തിരിച്ചെടുക്കാത്ത സാഹചര്യമാണുള്ളതെന്നും നിലവിൽ കാലാവധി തീരുന്നതിന് ആറുമാസം മുൻപ് കമ്പനികളെ അറിയിക്കുകയും അതിൻ പ്രകാരം കമ്പനികൾ എടുത്തുകൊണ്ടു പോകുകയാണ് ചെയ്യുന്നതെന്നും സപ്ലൈകോ മാനേജർ സമിതിയെ അറിയിച്ചു.

ജീവിതശൈലീ രോഗങ്ങളുടെയടക്കം അവശ്യമരുന്നുകളുടെ കുറവ് മിക്കവാറും എല്ലാ സപ്ലൈകോ സ്റ്റോറുകളിലുമുള്ളതിനാൽ ലോക്കൽ പർച്ചേസ് കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതാണെന്ന്, സമിതി ചൂണ്ടിക്കാണിച്ചതിന് ലോക്കൽ പർച്ചേസിന്റെ മാനദണ്ഡങ്ങൾ മാറ്റിയിട്ടുണ്ടെന്നും, ആവശ്യമുള്ള ഏത് മരുന്നും ലോക്കലായി വാങ്ങുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ടെന്നും സപ്ലൈകോ മാനേജർ സമിതിയെ അറിയിച്ചു.

വിറ്റുവരവും ജീവനക്കാരുടെ എണ്ണവും തമ്മിൽ വലിയ അന്തരമുള്ളതിനാൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതോടൊപ്പം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കണമെന്നും ശാസ്ത്രീയമായ പഠനം നടത്തി സ്റ്റോറുകളെ ലാഭകരമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നും അതോടൊപ്പം സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ നിർത്തലാക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ച് നടപടി സ്വീകരിക്കണമെന്നും സ്ഥാപനത്തെ ലാഭകരമാക്കുന്നതിനും, പൊതുജനങ്ങൾക്ക് പ്രയോജനമുണ്ടാകുന്നതിനുംവേണ്ടി ശക്തമായ നിലപാട് സ്വീകരിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

മൂന്നര ലക്ഷം രൂപ വരെ മാസവരുമാനം ലഭിക്കാത്ത സ്ഥാപനങ്ങളിൽ ഒരു സ്റ്റാഫിനെ മാത്രം നിലനിർത്തി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരെയും പിരിച്ചു വിടാനുള്ള നടപടി നടപ്പിലാക്കണമെന്നും ഇൻസുലിൻ പോലുള്ള ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യമാണോയെന്ന് ഉറപ്പുവരുത്തണമെന്നും ഇതു സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥർ സമയബന്ധിതമായി പരിശോധന നടത്തി നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ഏതെല്ലാം രീതിയിൽ ലാഭകരമാക്കാമെന്നത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 106 സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ 23 എണ്ണം മാത്രമാണ് നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും കാരുണ്യ, സേവന, നീതി, ജൻ ഔഷധി തുടങ്ങിയ സ്റ്റോറുകൾ മരുന്നുകൾ കൺസഷൻ റേറ്റിൽ ലഭ്യമാക്കുന്നതിനാൽ ഇപ്പോൾ പ്രധാനപ്പെട്ട കേന്ദ്രങ്ങളെല്ലാം ഇത്തരം സ്റ്റോറുകൾ കയ്യടക്കി കഴിഞ്ഞെന്നും, സർക്കാർ സ്ഥാപനങ്ങളുടെ തന്നെ ശക്തമായ മത്സരം അഞ്ചാറ് വർഷത്തിനുള്ളിൽ മാവേലി സ്റ്റോറുകൾക്ക് നേരിടേണ്ടി വന്നിട്ടുണ്ടെന്നും, ലാഭത്തിൽ പ്രവർത്തിക്കുന്ന ഇരുപത്തിമൂന്ന് സ്റ്റോറുകൾ ഒഴികെയുള്ളവയുടെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കണമെന്നും ഫാർമസിസ്റ്റുകളെ പി.എസ്.സി.വഴി നിയമിച്ചശേഷം ആവശ്യമുള്ളവരെ നിലനിർത്തുകയും ബാക്കിയുള്ളവരെ പിരിച്ചുവിടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

ലാഭത്തിൽ പ്രവർത്തിക്കുന്ന ഇരുപത്തിമൂന്ന് സ്റ്റോറുകൾ അവയുടെ സമീപത്ത് മറ്റ് സർക്കാർ സ്ഥാപനങ്ങൾ ഇല്ലാത്തതുകൊണ്ടു മാത്രമാണോ ലാഭകരമാകുന്നതെന്ന സമിതിയുടെ ചോദ്യത്തിന് നല്ല ലൊക്കേഷനുകളിലും ആശുപത്രിയ്ക്ക് സമീപവും സ്ഥിതി ചെയ്യുന്ന മെഡിക്കൽ സ്റ്റോറുകൾ നല്ല രീതിയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ടെന്നും എന്നാൽ വിദൂരമായ സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള സ്റ്റോറുകളുടെ ഫീസിബിലിറ്റി സംബന്ധിച്ച് കൃത്യമായി പഠനം നടത്തേണ്ടതുണ്ടെന്നും വകുപ്പ് സെക്രട്ടറി മറുപടി നല്കി. പ്രൈവറ്റ് ഏജൻസികൾ ഡോക്ടർമാർ എഴുതുന്ന മരുന്നുകൾ, ട്രെന്റ് രീതി എന്നിവ പഠിച്ച് അതിനനുസരിച്ചാണ് മരുന്നുകൾ സംഭരിക്കുന്നത്. എന്നാൽ സപ്ലൈകോയ്ക്ക് അത്തരത്തിൽ ഫീൽഡ് സ്റ്റഡി നടത്തി റിപ്പോർട്ട് നൽകാൻ സംവിധാനങ്ങൾ ഇല്ലെന്നും ആയതിനാൽ ഇക്കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനുള്ള സംവിധാനം സിവിൽസപ്ലൈസ് കോർപ്പറേഷനിൽ ഉണ്ടാകണമെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

കൂടുതൽ വരുമാനമുള്ള മെഡിക്കൽസ്റ്റോറുകളിലുള്ള ജീവനക്കാരെക്കാൾ അധികം ജീവനക്കാർ പലപ്പോഴും കുറഞ്ഞവരുമാനമുള്ള സ്റ്റോറുകളിൽ ഉണ്ടെന്നും കേരളത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ച 2000 നന്മസ്റ്റോറുകൾ നിർത്തലാക്കിയതുപോലെ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ കാര്യത്തിലും അടിയന്തര നടപടി കൈക്കൊള്ളണമെന്നും സമിതി അഭിപ്രായപ്പെട്ടു.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരാളം വിമർശനങ്ങൾ നിലനിൽക്കുന്നുണ്ടെന്നും അത്യാവശ്യഘട്ടത്തിൽ മരുന്ന് കിട്ടാത്ത അവസ്ഥയും കരാറടിസ്ഥാനത്തിലുള്ള ജോലിക്കാരാണ് ഇവിടെ പണിയെടുക്കുന്നതെന്നതിനാൽ ലാഭകരമായി പ്രവർത്തിക്കണമെന്ന താല്പര്യമില്ലായ്മയും വിമർശനങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും ഇതു സംബന്ധിച്ച് ഒരു പഠനം നടത്തി വിമർശനങ്ങളെ പരിഹരിക്കുന്നതിനാവശ്യമായ മാറ്റങ്ങൾ വരുത്താമെന്നും നിലവിലുള്ള ഔട്ട് ലെറ്റുകൾ നിലനിർത്തിക്കൊണ്ടുതന്നെ പ്രവർത്തിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാവുന്നതാണെന്നും സമിതി എക്സ്-ഒഫീഷ്യോ അംഗമായ വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. കൂടാതെ പല സഹകരണ സ്ഥാപനങ്ങളും സപ്ലൈകോ നൽകുന്നതിനേക്കാൾ വില കുറച്ചാണ് മരുന്നുകൾ വിതരണം ചെയ്യുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

106 സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ സ്റ്റാഫിനെ വിന്യസിച്ചിരിക്കുന്നത് സംബന്ധിച്ചും മെഡിക്കൽ സ്റ്റോറിലെ വിൽപ്പന, മറ്റ് കാര്യങ്ങൾ എന്നിവ ശരിയായ രീതിയിലാണോ എന്നത് സംബന്ധിച്ചുമുള്ള കൃത്യമായ റിപ്പോർട്ട് അടുത്ത ഡയറക്ടർ ബോർഡ് മീറ്റിംഗിൽ ലഭ്യമാക്കാനും അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി ഗവണ്മെന്റിലേയ്ക്കയച്ച് പുനർവിന്യാസം ആവശ്യമാണെങ്കിൽ ആയത് സംബന്ധിച്ച് ഈ വർഷം തന്നെ തീരുമാനമെടുക്കാൻ ഡയറക്ടർ ബോർഡിനു നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

II. സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന

എ. 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 4410/സബ്.സി.ജി1/2016/നി. സെ.)

2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 23-ാം ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ബി. 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 1887/സബ്.സി.ജി1/2017/നി. സെ.)

2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 20, 22, 25, 26 എന്നീ ശിപാർശകളിന്മേലുള്ള ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് അവസാനിച്ചു.

## 16-2-2018-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ യോഗം 2018 ഫെബ്രുവരി 16-ാം തീയതി, വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. ജോർജ് എം. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി. പി. കെ. ഗിരിജ, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പ്
2. ശ്രീമതി പി. കെ. സീതാലക്ഷ്മി അമ്മ, സ്പെഷ്യൽ സെക്രട്ടറി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പ്
3. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

4. ശ്രീമതി എസ്. ശോഭന, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

5. ശ്രീ. എൻ. ടി. എൽ. റെഡ്ഡി, ഡയറക്ടർ, സിവിൽസപ്ലൈസ് വകുപ്പ്

6. ശ്രീ. മുഹമ്മദ് ഇക്ബാൽ, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

7. ശ്രീമതി ആർ. റീനാ ഗോപാൽ, ജോയിന്റ് കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

8. ശ്രീ. കെ. വേണുഗോപാൽ, ജനറൽ മാനേജർ, സപ്ലൈകോ

9. ശ്രീ. പി. എസ്. അനിൽ, മാനേജർ (ഫിനാൻസ്), സപ്ലൈകോ

10. ശ്രീ. എസ്. സതീഷ് ബാബു, ഫിനാൻസ് മാനേജർ (മാർക്കറ്റിംഗ് & എൻ.എഫ്.എസ്.എ.)

11. ശ്രീമതി ബിന്ദു സി. വർഗ്ഗീസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലീഗൽ മെട്രോളജി വകുപ്പ്

12. ശ്രീ. ലൂയിസ് എം. ഫെർണാണ്ടസ്, സി. എ.ഒ., സിവിൽസപ്ലൈസ് വകുപ്പ്.

2018-19 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം, XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ എന്നിവയുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി സമിതി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും, ധനകാര്യം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെപ്പറയുന്ന ശിപാർശകൾ നൽകുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

2018-19 സാമ്പത്തികവർഷം ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് പദ്ധതിയിനത്തിൽ 68.20 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1741.0799 കോടി രൂപയും ഉൾപ്പെടുത്തി 1809.2799 കോടിയാണ് വകകൊള്ളിച്ചിട്ടുള്ളതെന്നും തനത് വർഷം ഒൻപത് ശീർഷകങ്ങളിലാണ് അധിക തുക ആവശ്യമായി വരുന്നതെന്നും ഭക്ഷ്യ പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി ആമുഖമായി സമിതിയെ അറിയിച്ചു

2408-01-004-99—<u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം : 6,00,00,000 രൂപ (പ്ലാൻ)

1. കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന

സർക്കാർ പത്തനംതിട്ട ജില്ലയിലെ കോന്നി ആസ്ഥാനമാക്കി 2005-ൽ രൂപീകരിച്ച ഭക്ഷ്യഗവേഷണ വികസന കൗൺസിലിന്റെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കോന്നിയിലെ ഇന്റിജീനിയസ് ഫുഡ് ടെക്നോളജി സ്കൂൾ, മിനി ഇൻക്യുബേഷൻ കേന്ദ്രം, ഡ്രഗ് ടെസ്റ്റിന് ലാബ് കമ്മിറ്റി റൂം തയ്യാറാക്കൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, റീജിയണൽ ഫുഡ് ക്വാളിറ്റി മെയിന്റനൻസ് ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ എന്നിവയ്ക്കായി 3.85 കോടി രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യു.

2408-01-101-94-33—<u>റേഷൻ സബ്സിഡി</u>

ബഡ്ജറ്റ് വിഹിതം : 954,49,00,000 രൂപ (നോൺ പ്ലാൻ)

2. റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിനും, സപ്ലൈകോയ്ക്ക് ഗതാഗതയിനത്തിനും മറ്റ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 155 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-101-96-33—<u>കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ-സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം : 5,25,00,00,000 രൂപ (നോൺ പ്ലാൻ)

3. സപ്ലൈകോ നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് സംസ്ഥാനത്തെ നെൽകർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേൻമാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, സംസ്ഥാനത്തെ ആധുനിക അരിമില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്യുന്ന ഈ പദ്ധതിയിൽ നെല്ല് സംഭരണത്തിനായുള്ള അടിസ്ഥാന താങ്ങുവില കേന്ദ്രം നൽകുമ്പോൾ പ്രോത്സാഹന ബോണസാണ് ബഡ്ജറ്റ് വിഹിതമായി സപ്ലൈകോയ്ക്ക് നൽകിവരുന്നത്. കൂടുതൽ അളവിൽ നെല്ല് സംഭരിക്കുന്നതിനായി 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-102-96—<u>വിശപ്പ് രഹിത കേരളം</u>

ബഡ്ജറ്റ് വിഹിതം : 14,00,00,000 രൂപ (പ്ലാൻ)

4. നിർദ്ധനരായിട്ടുള്ളവർക്ക് ദിനം പ്രതി ഒരു നേരം സൗജന്യ ഭക്ഷണം ലഭ്യമാക്കുക എന്ന വിശപ്പ് രഹിത കേരളം പദ്ധതി 2017-18 സാമ്പത്തികവർഷം ആലപ്പുഴ ജില്ലയിൽ വിജയകരമായി പ്രാവർത്തികമാക്കിയെന്ന് സമിതി മനസ്സിലാക്കി. 2018-2019 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 30-ൽ പ്രസ്തുത പദ്ധതിക്കായി 20 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും 14 കോടി രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളതെന്ന് അഭിപ്രായപ്പെട്ട സമിതി, 2018-19 സാമ്പത്തിക വർഷം മുതൽ വിശപ്പ് രഹിത കേരളം പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-102-99-33—<u>കേരള സ്റ്റേറ്റ് സിവിൽസപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്-സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം : 150,00,00,000 രൂപ (നോൺ പ്ലാൻ)

5. പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾവഴി വിതരണം ചെയ്യുവരുന്നു. അവശ്യസാധനങ്ങൾക്ക് പുറമേ മരുന്നുകൾ ഉൾപ്പെടെയുള്ള മറ്റ് ഉപഭോക്തൃ താല്പര്യ ഉല്പന്നങ്ങളും ഡിസ്കൗണ്ട് നിരക്കിൽ വിതരണം ചെയ്യുന്നു. കമ്പോള വില നിയന്ത്രിക്കുന്നതിൽ വലിയ പങ്ക് നിർവ്വഹിക്കുന്ന സപ്ലൈകോയുടെ ഇത്തരം വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 150 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അഞ്ച് വർഷത്തേക്ക് സപ്ലൈകോയുടെ വില്പനശാലകളിൽ നിർണ്ണയിക്കപ്പെട്ട ഇനങ്ങൾക്ക് നിലവിലുള്ള വിലകളിൽ വർദ്ധന വരുത്തുന്നതല്ലെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സാമ്പത്തികവർഷം വിപണിയിടപെടൽ പദ്ധതിക്കായി സപ്ലൈകോയ്ക്ക് ആകെ 535 കോടി രൂപ ആവശ്യമായി വരും. പൊതുകമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള ധനസഹായമായി സിവിൽസപ്ലൈസ് കോർപ്പറേഷന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 385 കോടി രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-190-92—സപ്ലൈകോയുടെ വില്പന കേന്ദ്രങ്ങൾ നവീകരിക്കൽ

ബഡ്ജറ്റ് വിഹിതം : 8,00,00,000 രൂപ (പ്ലാൻ)

6. വിവിധ വിഭാഗങ്ങളായി പ്രവർത്തിക്കുന്ന സപ്ലൈകോയുടെ കീഴിലുള്ള 1100 ചില്ലറ വിൽപ്പനശാലകളിൽനിന്നും ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ടതും വേഗത്തിലുള്ളതുമായ സേവനം നൽകുന്നതിന്റെ ഭാഗമായി നൂറ് വിൽപ്പന ശാലകൾ നവീകരിക്കേണ്ടത് ആവശ്യമായതിനാൽ 2 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-800-98—ഉപഭോക്തൃ ദിനാഘോഷം

ബഡ്ജറ്റ് വിഹിതം : 3,00,000 രൂപ (നോൺ പ്ലാൻ)

7. ദേശീയ ഉപഭോക്തൃ ദിനാഘോഷത്തോടനുബന്ധിച്ച്, ഓരോ വർഷവും ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംഘടനകൾക്ക് രാജീവ്ഗാന്ധി ഉപഭോക്തൃ സംരക്ഷണ അവാർഡും, ദിനാഘോഷത്തോടനുബന്ധിച്ച് സെമിനാറുകൾ, ചർച്ചകൾ, മുഖാമുഖം, ശിൽപശാലകൾ എന്നിങ്ങനെയുള്ള ഉപഭോക്തൃ ബോധവൽക്കരണ പരിപാടികളും, സ്കൂൾ വിദ്യാർത്ഥികൾക്ക് വിവിധ മത്സരപരിപാടികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 3 ലക്ഷം രൂപയ്ക്ക് പുറമെ 2 ലക്ഷം കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-001-89-34—ഫുഡ് അഡൈ്വസറി കമ്മിറ്റി-മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : ഇല്ല.

8. റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാക്രമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും, ഭക്ഷ്യോപദേശക വിജിലൻസ് സമിതിയുടെ സംസ്ഥാനതല സമിതി വർഷത്തിൽ 2 തവണയും ജില്ല/താലൂക്ക് തല സമിതികൾ മാസത്തിലൊരിക്കലും, പഞ്ചായത്തുതല സമിതികൾ രണ്ട് മാസത്തിലൊരിക്കലുമാണ് യോഗം ചേരുന്നത്. പ്രസ്തുത ഭക്ഷ്യോപദേശക വിജിലൻസ് സമിതി യോഗങ്ങളുടെ നടത്തിപ്പ് ചെലവിനു ഈ സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 2 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-104-99—<u>കേരള ഉപഭോക്തൃ ക്ഷേമനിധിയിൽനിന്നുള്ള ഉപഭോക്തൃ ക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം : 50,00,000 രൂപ (നോൺ പ്ലാൻ)

9. സ്കൂൾ/കോളേജ് ഫെസ്റ്റുകൾ, സ്കൂൾ ക്ലബ്ബുകൾ, ഉപഭോക്തൃ ബോധവത്കരണ പരിപാടികൾ, എക്സിബിഷനുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും പത്ര മാദ്ധ്യമങ്ങളിൽ പരസ്യം നൽകുന്നതിനുമായി 2018-19 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

<u>നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് 2013 (NFSA) നടപ്പാക്കുന്നതിലേക്കായി സഹായം</u>

ബഡ്ജറ്റ് വിഹിതം : ഇല്ല.

10. സംസ്ഥാനത്ത് നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് 2013 (NFSA) നടപ്പാക്കുന്നതിലേക്കായി 318 തസ്തികകൾ സപ്ലൈകോയിൽ സൃഷ്ടിക്കുവാനും, ആയതിൽ 42 തസ്തികകൾ ഭക്ഷ്യപൊതുവിതരണ വകുപ്പിൽനിന്നുള്ള ഡെപ്യൂട്ടേഷൻവഴി നിയമിക്കാനും 27-1-2018-ലെ 05/2018/ഭ.പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ NFSA നടപ്പാക്കുന്നതിന് സൃഷ്ടിച്ച തസ്തികകളുടെ ശമ്പളമുൾപ്പെടെയുള്ള എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി ഒരു പുതിയ ശീർഷകം അനുവദിച്ച് 25,09,01,600 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

## ലീഗൽ മെട്രോളജി വകുപ്പ്

3475-00-106-98—<u>അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ</u>

ബഡ്ജറ്റ് വിഹിതം : 3,62,50,000 (പ്ലാൻ)

11. പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിന് 2 കോടി രൂപയും, വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന സ്റ്റീൽ ഇൻസെർട്ട്,

സ്റ്റാമ്പിംഗ് പഞ്ച് എന്നിവ വാങ്ങുന്നതിന് 15 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിന് നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിനു പുറമെ 2.15 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99-05-03—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ-ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 6,16,000 രൂപ (നോൺ പ്ലാൻ)

12. ഇന്റർനെറ്റ്, ഫാക്സ്, ടെലഫോൺ എന്നിവയ്ക്ക് പുറമേ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും CUG SIM നൽകിയിട്ടുള്ളതിനാൽ എല്ലാ വർഷവും 5.02 ലക്ഷം രൂപ ഒടുക്കേണ്ടതുണ്ട്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99-06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 23,00,000 രൂപ (നോൺ പ്ലാൻ)

13. സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി വകുപ്പിന്റെ ആഫീസുകളുടെ പ്രതിമാസ വാടകയിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനു പുറമെ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99-26—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ-ഔദ്യോഗിക ഭാഷാ പ്രയോഗം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

14. ലീഗൽ മെട്രോളജി വകുപ്പിൽ ഔദ്യോഗിക ഭാഷ നടപ്പിലാക്കുന്നതിന് ഒരു ജില്ലയ്ക്ക് 1,000 രൂപ വീതം ചെലവ് പ്രതീക്ഷിക്കുന്നു. ആയതിന് നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന് പുറമെ 13,000 രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

യോഗം രാവിലെ 11.20-ന് പിരിഞ്ഞു.

## 20-2-2018-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2018 ഫെബ്രുവരി 20-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
3. ശ്രീ. വി. ജോയി, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി പി. കെ. ഗിരിജ, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. വേണുഗോപാൽ, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്
2. ഡോ. ഡി. സജിത് ബാബു, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
3. ശ്രീ. പി. എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
4. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ഡോ. എം. രാമനുണ്ണി, മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്
6. ഡോ. ആർ. ശശികുമാർ, ഡയറക്ടർ, കേപ്പ്
7. ശ്രീമതി ബി. സുഷമാകുമാരി, ഡയറക്ടർ (പ്ലാനിംഗ്), സഹകരണ വകുപ്പ്
8. ശ്രീ. ഇ. ആർ. രാധാമണി, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

9. ശ്രീ. പി. ആർ. രാജേഷ്, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

10. ശ്രീമതി കെ. ശകുന്തള, അഡീഷണൽ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഐ.സി.ഡി.പി.)

11. ശ്രീ. കെ. വി. പ്രശോഭൻ, ജോയിന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

12. ശ്രീ. കെ. സജ്ജാദ്, ജോയിന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

13. ശ്രീ. എസ്. വിജയകൃഷ്ണൻ, അസിസ്റ്റന്റ് രജിസ്ട്രാർ ഒഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഫിനാൻസ്)

14. ശ്രീ. പി. ഡോൺബോസ്കോ, മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ വികസന ഫെഡറേഷൻ.

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXVII (സഹകരണം)യുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി സമിതി സഹകരണം, ധനകാര്യം എന്നീ വകുപ്പ് ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും ചുവടെ പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

2425-00-003-89-31—<u>സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം-സഹായ ധനം-ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 71,00,000 രൂപ (പ്ലാൻ)

1. ദേശീയ സഹകരണ യൂണിയനുമായി ചേർന്ന് തയ്യാറാക്കിയ ഉടമ്പടി അനുസരിച്ച് സ്ഥാപനത്തിനുള്ള പ്രവർത്തന ചെലവിന്റെ 50% കണ്ണൂർ സഹകരണ മാനേജ്മെന്റ് വഹിക്കുന്നതിനും, തിരുവനന്തപുരം സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിലെ പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയുടെ നടത്തിപ്പിനും, കേരള സംസ്ഥാന സഹകരണ യൂണിയനിലെ അംഗങ്ങൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസ പരിപാടിയുടെ ചെലവിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 542 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.</u>

2425-00-003-89-04-(1)—സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം-യാത്രാചെലവുകൾ-യാത്രാ ബത്ത

ബഡ്ജറ്റ് വിഹിതം : 4,00,000 രൂപ (പ്ലാൻ)

2. അംഗീകൃത പരിശീലന സ്ഥാപനങ്ങളിൽ പരിശീലനത്തിന് പങ്കെടുക്കുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 11 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-001-90—സഹകരണ പ്രചാരണം

ബഡ്ജറ്റ് വിഹിതം : 25,00,000 രൂപ (പ്ലാൻ)

3. സഹകരണ വകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണമായ സഹകരണവീഥി, വകുപ്പിലെ മറ്റ് പ്രസിദ്ധീകരണങ്ങൾ, നിക്ഷേപസമാഹരണ യജ്ഞവുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ട്രോഫി തുടങ്ങിയവയ്ക്കായി അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-003-88—സഹകരണ വകുപ്പിലെ പരിശീലനത്തിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 35,00,000 രൂപ (പ്ലാൻ)

4. സഹകരണ വകുപ്പ് ജീവനക്കാർക്ക് സഹകരണ മേഖലയിലെ ആധുനിക മാനേജ്മെന്റ് സാങ്കേതിക വിദ്യകൾ, ഇ-ഗവേണൻസ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും, വകുപ്പിന്റെകീഴിൽ ആരംഭിച്ച പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾക്കും ആവർത്തന ചെലവുകൾക്കും നിലവിൽ വകയിരുത്തിയിട്ടുള്ളതിനേക്കാൾ കൂടുതൽ തുക ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-107-80—പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 12,00,00,000 രൂപ (പ്ലാൻ)

5. വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്ന അംഗങ്ങൾ അവരുടെ വായ്പാ ബാധ്യതയിലേക്ക് തിരിച്ചടവുകൾ നടത്തുകയും എന്നാൽ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ സർക്കാർ

രൂപീകരിച്ചിട്ടുള്ള കേരള റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പക്കാരന്റെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന തുകയിൽനിന്നും പരമാവധി ഒന്നര ലക്ഷം രൂപയും അതിന്റെ പലിശയും; കൂടാതെ മാരക രോഗങ്ങൾ പിടിപെട്ടവരുടെ വായ്പകളിൽ 75,000 രൂപ വരെയും എഴുതിത്തള്ളുന്നതിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്ന പ്രീമിയം തുകയെക്കാൾ വളരെ കൂടുതൽ തുക സഹായമായി അനുവദിക്കേണ്ടിവരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കി. റിസ്ക് ഫണ്ട് പദ്ധതിയുൾപ്പെടെയുള്ള ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2425-00-108-49—ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം

ബഡ്ജറ്റ് വിഹിതം : 1,66,60,000 രൂപ (പ്ലാൻ)

6. എണ്ണത്തിൽ കൂടുതലുള്ള സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും, പ്രാഥമിക സഹകരണ സംഘങ്ങൾ/കൺസ്യൂമർ ഫെഡ് എന്നിവ മുഖേന ആരംഭിക്കുവാൻ നടപടിയെടുത്തിട്ടുള്ള നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയ്ക്ക് പ്രോത്സാഹന ധനസഹായം അനുവദിക്കുന്നതിനും കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 15.81 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

2425-00-108-67—മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

4425-00-108-68

ബഡ്ജറ്റ് വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

6425-00-108-11

ബഡ്ജറ്റ് വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

7. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നടത്തുന്ന ഇന്റർനാഷണൽ ബുക്ക് ഫെയറിനും സാഹിത്യ വിജ്ഞാനോത്സവത്തിനും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഒരു കോടി രൂപ അനുവദിക്കുന്നതിനും വിദ്യാഭ്യാസ

സഹകരണ സംഘങ്ങൾ, പലവക സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങളിലെ ബ്ലഡ് ബാങ്ക്/മെഡിക്കൽ ലബോറട്ടറീസ് തുടങ്ങിയവയ്ക്കായി ധനസഹായം അനുവദിക്കുന്നതിനും വകയിരുത്തിയിട്ടുള്ള സഹായ തുക അപര്യാപ്തമായതിനാൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി 8.8 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-108-42—പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 11,85,00,000 രൂപ (പ്ലാൻ)

4425-00-108-34

ബഡ്ജറ്റ് വിഹിതം : 3,15,00,000 രൂപ (പ്ലാൻ)

8. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനഃരുദ്ധാരണത്തിനും സമഗ്ര വികസനത്തിനുമായി എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഐ.സി.ഡി.പി. മാതൃകയിൽ ഒരു പ്രോജക്ട് പ്രാവർത്തികമാക്കുന്നതിനായി 10 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-108-60—വൻതോതിലുള്ള വാണിജ്യ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1,06,65,000 രൂപ (പ്ലാൻ)

4425-00-108-50

ബഡ്ജറ്റ് വിഹിതം : 1,30,35,000 രൂപ (പ്ലാൻ)

6425-00-108-28

ബഡ്ജറ്റ് വിഹിതം : 1,58,00,000 രൂപ (പ്ലാൻ)

9. വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്നതിനും നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതും ശക്തിയാർജ്ജിക്കുവാൻ സാധ്യതയുള്ളതുമായ സഹകരണ സ്ഥാപനങ്ങളെ പുനഃരുദ്ധരിക്കുന്നതിനുംവേണ്ടി ധനസഹായം നൽകുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി 2.05 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-108-47-31—പ്രൊവിഷണൽ എഡ്യൂക്കേഷന് വേണ്ടിയുള്ള സഹകരണ അക്കാദമികളുടെ ധനസഹായം-സഹായ ധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 4,23,65,000 രൂപ (നോൺ പ്ലാൻ)

10. കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽനിന്നും ട്രഷറി നിക്ഷേപവുമായി ബന്ധപ്പെടുത്തി 25% ഗ്രാന്റായി കേപ്പിന് സർക്കാർ നൽകേണ്ട തുകയിൽ 18.06 കോടി രൂപ കൂടി 2018-19 വർഷത്തിൽ ബാക്കി നിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 15 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-108-36—കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 39,90,000 രൂപ (പ്ലാൻ)

4425-00-108-30

ബഡ്ജറ്റ് വിഹിതം : 50,10,000 രൂപ (പ്ലാൻ)

6425-00-108-09

ബഡ്ജറ്റ് വിഹിതം : 60,00,000 രൂപ (പ്ലാൻ)

11. പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന എല്ലാ വിപണന സംരംഭങ്ങൾക്കും ധനസഹായം അനുവദിക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ പദ്ധതിയിലേക്കുള്ള സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി 50 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-108-33—സഹകരണ വകുപ്പിന്റെകീഴിൽ വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം - സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 1,12,00,000 രൂപ (പ്ലാൻ)

12. സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവത്കരണത്തിനായി നിലവിൽ നിശ്ചയിച്ച് നൽകിവരുന്ന അനുപാതത്തിൽ സബ്സിഡി ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-001-86—കേരള സഹകരണ ബാങ്ക് രൂപീകരണവും ധനസഹായവും

ബഡ്ജറ്റ് വിഹിതം : 10,00,000 രൂപ (പ്ലാൻ)

13. കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണം പൂർത്തിയാകുന്ന വേളയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ റഗുലേറ്ററി നോംസ് പ്രകാരം നിശ്ചയിക്കപ്പെടുന്ന മൂലധനപര്യാപ്തത കൈവരിക്കുന്നതിനും സർക്കാർ ഗ്യാരന്റിയുള്ള ലോണിന്റെ തിരിച്ചടവിനുമായി 962 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-108-31—വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

14. വനിതാ സഹകരണ സംഘങ്ങൾ, വനിതാ ഫെഡറേഷൻ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായുള്ള ധനസഹായ തുക അപര്യാപ്തമായതിനാൽ 7 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

4425-00-108-42—പ്രാഥമിക കാർഷിക ക്രഡിറ്റ് സംഘങ്ങൾ പ്രാഥമിക സംഘങ്ങൾ മൊത്തവില സ്റ്റോറുകൾ ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ. സി. ഡി. സി. പദ്ധതി)

ബഡ്ജറ്റ് വിഹിതം : 11,76,00,000 രൂപ (പ്ലാൻ)

6425-00-108-19

ബഡ്ജറ്റ് വിഹിതം : 16,34,00,000 രൂപ (പ്ലാൻ)

15. സംസ്കരണ പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും ധനസഹായം നൽകുന്നതിനും, എൻ.സി.ഡി.സി.യുടെ പുതിയ പദ്ധതികൾക്ക് സഹായം നൽകുന്നതിനും, കാർഷിക മേഖലയിൽ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് വായ്പ നൽകുന്നതിനും സഹകരണ സംഘങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

4408-02-195-86—പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സും ഫെഡറേഷനുകൾക്കും ധനസഹായം (എൻ.സി.ഡി.സി.) (100% കേന്ദ്രാവിഷ്കൃത പദ്ധതി)

ബഡ്ജറ്റ് വിഹിതം : 3,82,00,000 രൂപ (പ്ലാൻ)

6408-02-195-65

ബഡ്ജറ്റ് വിഹിതം : 2,28,00,000 രൂപ (പ്ലാൻ)

16. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സംഭരണശാലകൾ നിർമ്മിക്കുന്നതിനും, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും, ദുർബ്ബല വിപണന സംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിനും, നടപ്പ് സാമ്പത്തികവർഷത്തിൽ നടപ്പാക്കുന്ന പുതിയ എൻ.സി.ഡി.സി. പദ്ധതികൾ ഏറ്റെടുക്കുന്നതിനും നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 4.9 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

4425-00-108-71—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം

ബഡ്ജറ്റ് വിഹിതം : 13,64,00,000 രൂപ (പ്ലാൻ)

6425-00-108-74

ബഡ്ജറ്റ് വിഹിതം : 15,81,00,000 രൂപ (പ്ലാൻ)

17. പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കിവരുന്ന സംയോജിത വികസന പരിപാടിക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10.55 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-004-97—ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കുകളെയും ഒറ്റ ബാങ്കായി ലയിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്ന കമ്മിറ്റിക്കുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 1,17,00,000 രൂപ (നോൺ പ്ലാൻ)

18. കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായുള്ള ടാസ്ക് ഫോഴ്സിന്റെ ചെലവുകൾക്കായി 33 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-107-72-33—സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (നോൺ പ്ലാൻ)

19. 2011-12 സാമ്പത്തികവർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി നാളിതുവരെ 18 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. തുടർ പദ്ധതി ആയതിനാൽ ഈ ശീർഷകത്തിൽ 55 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-108-80-33—ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായ ധനം-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 100,00,00,000 രൂപ (നോൺ പ്ലാൻ)

20. വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നൽകുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കൺസ്യൂമർ ഫെഡിന് 150 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

യോഗം ഉച്ചയ്ക്ക് ശേഷം 2.50-ന് പിരിഞ്ഞു.

## 21-2-2018-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2018 ഫെബ്രുവരി 21-ാം തീയതി ബുധനാഴ്ച രാവിലെ 11.00-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. തിലോത്തമനും സമിതി അംഗമായ ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.യും ഹാജരായിരുന്നു.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി പി. കെ. ഗിരിജ, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. റെജി ബി., ഡെപ്യൂട്ടി സെക്രട്ടറി.

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2018-19 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു.

രാവിലെ 11.20-ന് യോഗം അവസാനിച്ചു

## 5-3-2018-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ യോഗം 2018 മാർച്ച് 5-ാം തീയതി, തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമനും ചുവടെ പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം. എൽ. എ.
2. ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ.
3. ശ്രീ. വി. ജോയ്, എം. എൽ. എ.
4. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം. എൽ. എ.
5. ശ്രീ. മുരളി പെരുനെല്ലി., എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. എസ്. അനസ്, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. വേണുഗോപാൽ, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. പി. എസ്. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
3. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ ലാ സെക്രട്ടറി
4. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ ലാ സെക്രട്ടറി
5. ശ്രീ. എസ്. സന്തോഷ്, ജോയിന്റ് സെക്രട്ടറി.

സമിതി 2018 -ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 3.45-ന് പിരിഞ്ഞു.

## 23-3-2018-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ യോഗം 2018 മാർച്ച് 23-ാം തീയതി, വെള്ളിയാഴ്ച സഭാ സമ്മേളനത്തിനു ശേഷം നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമനും ചുവടെ പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം. എൽ. എ.
2. ശ്രീ. വി. ജോയ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. എസ്. അനസ്, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യ പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പ്
2. ശ്രീ. മുഹമ്മദ് ഇക്ബാൽ, I.P.S., കൺട്രോളർ, ലീഗൽ മെട്രോളജി
3. ശ്രീമതി ലീല വി., അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീമതി ഇന്ദുകല പി. ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

ലീഗൽ മെട്രോളജി സ്പെഷ്യൽ റൂൾസിന്റെ കരട് (സ്റ്റേറ്റ് റൂൾസും സബോർഡിനേറ്റ് സർവ്വീസ് റൂൾസും) വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതിനാൽ ആയതിന്റെ പരിഗണന മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കാൻ സമിതി തീരുമാനിച്ചു

യോഗം ഉച്ചയ്ക്ക് ശേഷം 12.45-ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.